# കഥാസരിത്സാഗരം
## സോമദേവഭട്ടൻ

**വി**ദ്യാധരലോകത്തും ഭൂമിയിലുമായി അലയടിച്ചൊഴുകുന്ന നൂറു നൂറു കഥാനദികൾ ഒത്തുചേർന്ന് ഒന്നാകുന്ന മഹാസാഗരം. പഞ്ചതന്ത്രകഥകൾ, വിക്രമാദിത്യകഥകൾ, ഹിതോപദേശകഥകൾ, ജാതകകഥകൾ, തുടങ്ങി എക്കാലത്തെയും ഏതുതരം വായനക്കാരെയും ആകർഷിച്ച കഥകൾക്ക് അടിസ്ഥാനമായ മഹദ്ഗ്രന്ഥം. അത്ഭുതകല്പനകളും കൗതുകഭാവനകളും സകല ജീവിതവൈചിത്ര്യങ്ങളും നിറഞ്ഞ കഥാപ്രപഞ്ചം. ജീവിതത്തിലെ എല്ലാ മണ്ഡലങ്ങളെയും സ്പർശിക്കുന്ന കഥകളുടെ അക്ഷയഖനി.

വിവർത്തനം: വിദ്വാൻ. ജി. കുമാരൻനായർ
സംശോധനം: ശൂരനാട്ട് കുഞ്ഞൻപിള്ള

കവർ ഡിസൈൻ: എൻ. അജയൻ

ഡിസി ബുക്സ്
www.dcbooks.com
കഥ

ISBN 978-81-264-2350-7
9 788126 423507 00005
E-book available
₹ 525

കഥാസരിത്സാഗരം
സോമദേവഭട്ടൻ



കഥാ
സരിത്
സാഗരം

സോമദേവഭട്ടൻ

1320

College Of Avian Sciences & Management
LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1386 Call No. 1320

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## വിദ്വാൻ ജി. കുമാരൻനായർ
(1897–1987)

1897–ൽ ചേർത്തലയ്ക്കടുത്ത് അരൂരിൽ ജനിച്ചു. സ്വമാതുലൻതന്നെയായിരുന്നു ആദ്യത്തെ ഗുരുനാഥൻ. പിന്നീട് സ്കൂളിൽ ചേർന്നു. പഴയ സ്കൂൾ ലീവിങ് പരീക്ഷ ജയിച്ച് പ്രൈമറി സ്കൂൾ അദ്ധ്യാപകനായി. സംസ്കൃതപഠനം പിന്നെയും തുടർന്നു. 1931–ൽ മദ്രാസ് സർവ്വകലാശാലയുടെ വിദ്വാൻപരീക്ഷ പാസ്സായി. അതിനുശേഷം കുമ്പളങ്ങി സെന്റ് പീറ്റേഴ്സ് ഹൈസ്കൂളിൽ ഭാഷാദ്ധ്യാപകൻ. 1957–ൽ അദ്ധ്യാപക വൃത്തിയിൽനിന്ന് വിരമിച്ചു. ബാല്യത്തിൽത്തന്നെ കവിതാരചനയ്ക്ക് തുടക്കംകുറിച്ചു. 20–ാം വയസ്സിൽ 'മോഹനാംഗീപരിണയം' എന്നൊരു സംഗീതനാടകം എഴുതി. അക്കാലത്തെ ചില നാടകസംഘങ്ങൾക്കുവേണ്ടി 'മോദിനീചോരണം', 'ചന്ദ്രഹാസൻ', 'വിധിവിലാസം' എന്നീ മൂന്നു സംഗീതനാടകങ്ങൾ രചിക്കുകയും അവ പല സ്ഥലങ്ങളിൽ അഭിനയിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അവയൊന്നും അച്ചടിപ്പിച്ചില്ല. 1937–ൽ 'പാത്രചരിതം' ആട്ടക്കഥ എഴുതി പ്രസിദ്ധപ്പെടുത്തി. പന്ത്രണ്ടോളം ഹരികഥകളും രചിച്ചു. ജോലിയിൽനിന്നു വിരമിച്ചശേഷം 'ഭോജപ്രബന്ധം', 'ശ്രീഹർഷചരിതം', 'ദശകുമാരചരിതം', 'കഥാസരിത്സാഗരം' എന്നിവ വിവർത്തനംചെയ്തു. 1987 സെപ്തംബർ 14ന് അന്തരിച്ചു.

സോമദേവഭട്ടൻ

# കഥാസരിത്സാഗരം

വിവർത്തനം
ജി. കുമാരൻനായർ

സംശോധനം
ശൂരനാട്ട് കുഞ്ഞൻപിള്ള

ഡി സി ബുക്സ്

MALAYALAM LANGUAGE
ORIGINAL SANSKRIT TITLE
Kathâsaritsāgaram

LITERATURE/TALES
*by* Somadevabhattan

MALAYALAM TITLE
Kathâsaritsāgaram
*Translated by* Vidwan G. Kumaran Nair
*Edited by* Sooranatt Kunjan Pillai
Rights Reserved
First DCB edition March 1978
5th impression October 2015

PUBLISHERS
DC Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Somadevabhattan.
Kathasaritsagaram/Somadevabhattan;
Malayalam translation/G. Kumaran Nair.
1274p., 21cm.
ISBN 978-81-264-2350-7.
Malayalam translation of Sanskrit title 'Kathasaritsagaram'
1. Sanskrit stories. 2. Malayalam translation. I. Title.
II. Title-Sanskrit. III. Kumaran Nair, G.
891.230 l - dc22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-2350-7

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 525.00

360/15-16-Sl.No. 14696-dcb 157-(5) 2000-24471-08-15-Itc. 18.1-p en-r(t) sr-d(t) sj

# പ്രസാധകക്കുറിപ്പ്

ഭാരതീയകഥാസാമ്രാജ്യത്തിന്റെ ആധിപത്യം വഹിച്ചിരുന്ന മഹദ്ഗ്രന്ഥമാണ് ഗുണാഢ്യന്റെ ബൃഹദ്കഥ. പൈശാചീഭാഷയിൽ എഴുതിയ ആ ഗ്രന്ഥം കാലാന്തരത്തിൽ ജനസാമാന്യത്തിനു കിട്ടാനില്ലാതാവുകയും മനസ്സിലാകാതാവുകയും ചെയ്തപ്പോൾ 12-ാം ശതകത്തിൽ കാശ്മീരത്തിൽ ജീവിച്ചിരുന്ന സോമദേവഭട്ടനെന്ന കവി ഇരുപത്തീരായിരത്തോളം ശ്ലോകങ്ങളിൽ ആ കഥകളെ സംസ്കൃതത്തിലേക്കു പകർത്തി. ഇതാണ് കഥാസരിത്സാഗരമെന്നു പ്രസിദ്ധമായ ഗ്രന്ഥം. ഇതിന് ശ്രീ ജി. കുമാരൻനായർ തയ്യാറാക്കിയ പരിഭാഷയാണ് ഈ ഗ്രന്ഥം. മൂലകൃതിയിലെ കഥാഭാഗങ്ങളോടൊപ്പം വർണ്ണനകളും അലങ്കാരപ്രയോഗങ്ങളുമെല്ലാം മലയാളത്തിലേക്കു പകർത്താൻ ശ്രീ ജി. കുമാരൻനായർ ശ്രദ്ധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അനേക വർഷത്തെ നിരന്തരയത്നത്തിന്റെ ഫലമാണ് ഈ വിവർത്തനം. വിവർത്തനംപോലെതന്നെ പ്രധാനമാണ് ഈ മഹദ്ഗ്രന്ഥത്തിന്റെ സംശോധനവും. പ്രശസ്ത പണ്ഡിതനും സാഹിത്യനായകനുമായ ശ്രീ ശൂരനാട്ട് കുഞ്ഞൻപിള്ള നിർവ്വഹിച്ച സംശോധനം ഈ കൃതിയുടെ മേന്മ വർദ്ധിപ്പിച്ചിരിക്കുന്നു എന്നത് നിസ്സംശയമാണ്. അദ്ദേഹത്തിന്റെ പ്രൗഢമായ അവതാരിക തികച്ചും പഠനാർഹമാണ്.

1978-ൽ ഡി സി ബുക്സിന്റെ ബൃഹദ്ഗ്രന്ഥപരമ്പരയിൽ കഥാസരിത്സാഗരം പ്രകാശനം ചെയ്തു. പിന്നീട് ഡി സി ബുക്സിന്റെ സഹോദരസ്ഥാപനമായ കൈരളി മുദ്രാലയത്തിലൂടെയാണ് ഈ കൃതി പുറത്തുവന്നത്. അല്പംകൂടി പരിഷ്കരിച്ച ഡി സി ബുക്സിന്റെ പതിപ്പാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. ഇന്ത്യൻ കഥാപാരമ്പര്യത്തിന് ഉദാത്തമാതൃകയായി നിലകൊള്ളുന്ന ഈ കൃതി ഞങ്ങൾ വായനക്കാർക്കായി സമർപ്പിക്കുന്നു.

കോട്ടയം
ഒക്ടോബർ 24, 2012

**രവി ഡി സി**

# നിവേദനം

ബാല്യപ്രായംമുതൽ ഈ എൺപതാം വയസ്സുവരെയും ഈ ഗ്രന്ഥകാരൻ കല്പിത കഥാതല്പരനാണ്. പുതുമയെ മാത്രം പൂജിക്കയും പുരാതനങ്ങളെയെല്ലാം പുച്ഛരിക്കയും ചെയ്യാറുള്ള പുരോഗമനപക്ഷക്കാർ പുറന്തള്ളുന്ന പുരാണേതിഹാസങ്ങളും പഞ്ചതന്ത്രാദി ആദർശകഥകളുമാണ് ഈയുള്ളവന് കൂടുതൽ പ്രിയങ്കരം. ലോകം ഭിന്നരുചിയാണല്ലോ.

ചെറുപ്പത്തിൽ കുറച്ചു സംസ്കൃതപരിചയം കുടുംബപാരമ്പര്യംവഴിക്ക് നേടിയിരുന്നത് ഉപയോഗിച്ച് ഉപരിഗ്രന്ഥങ്ങൾ പലതും സ്വയം പഠിക്കയും ചിലത് ഗദ്യപദ്യങ്ങളിലായി തർജ്ജമചെയ്തു വിനോദിക്കയും ചെയ്തിരുന്നെങ്കിലും പത്രമാസികകളിലും മററും പ്രസിദ്ധീകരിക്കുവാനും പേരു കേൾപ്പിക്കുവാനും പ്രയത്നിച്ചില്ല.

അത്ഭുതകഥകൾ വായിക്കുവാനുള്ള അഭിവാഞ്ഛ ഏറിയേറിവരികയാൽ പുറമേനിന്നും പഴയ ഗ്രന്ഥങ്ങൾ തേടിയ കൂട്ടത്തിൽ 'കഥാസരിത്സാഗരം' എന്നൊരു ഗ്രന്ഥത്തെക്കുറിച്ച് കേൾക്കാൻ ഇടയാകയും ഉടനേ ബോംബെയിൽനിന്ന് ഒരു പുസ്തകം വരുത്തുകയുംചെയ്തു. കഥാഗ്രന്ഥമെന്നു കേട്ടപ്പോൾ കാദംബരിയും ദശകുമാരചരിതവും മററുംപോലെ ഗദ്യഗ്രന്ഥമായിരിക്കുമെന്നാണ് ആദ്യം കരുതിയിരുന്നത്. പക്ഷേ, പുസ്തകം തുറന്നു നോക്കിയപ്പോൾ പുരാണേതിഹാസങ്ങൾപോലെ മുഴുവൻ പദ്യമയമാണെന്നു ബോധ്യപ്പെട്ടു. മഹാകവി ശ്രീ സോമദേവഭട്ടവിരചിതമായ ഒരു ഇതിഹാസമഹാഗ്രന്ഥം. കൗതുകപൂർവ്വം കുറെ വായിച്ചു നോക്കി. സുഗമസുകുമാരങ്ങളായ സരസപദ്യങ്ങൾ. ഏടുകൾ മറിച്ച് ആകമാനം ഒരവലോകനം നടത്തി. സാമാന്യത്തിലധികം വിപുലമായ ഇതിലെ പ്രതിപാദ്യങ്ങളെ പതിനെട്ടു ലംബകങ്ങളായും ഓരോ ലംബകങ്ങളും പലപല തരംഗങ്ങളായും വിഭജിച്ചിരിക്കുന്നു. പതിനെട്ടു ലംബകങ്ങളിലുംകൂടി മൊത്തം ഒരു നൂററിരുപത്തിനാലു തരംഗങ്ങളാണുള്ളത്. തരംഗങ്ങളിലെ പദ്യങ്ങൾക്കെല്ലാം നമ്പരിട്ടിട്ടുണ്ട്. എല്ലാ തരംഗങ്ങളിലെയും പദ്യങ്ങളുടെ സംഖ്യകളെല്ലാം എഴുതിക്കൂട്ടി ആകെത്തുക എടുക്കണമെന്ന് ഒരു കൗതുകം തോന്നി. അങ്ങനെ കൂട്ടിനോക്കിയപ്പോൾ മൊത്തം ഇരുപത്തിയോരായിരത്തിയെഴുനൂററിപ്പതിമ്മൂന്നു ശ്ലോകങ്ങളുണ്ടെന്നു കണ്ടു.

അനന്തരം ജിജ്ഞാസയോടെ വായന തുടർന്നു. ഏഴെട്ടു ലംബകങ്ങൾ വായിച്ചു കഴിഞ്ഞപ്പോൾ കഥയുടെ രൂപവും ഭാവവും വ്യക്തമായി. പ്രധാന കഥയിലെ നായകൻ പാണ്ഡവവംശപരമ്പരയിലെ എട്ടാമത്തെതലമുറയായ ഒരു രാജകുമാരനാണ്. ആ നിലയിൽ ഈ ഗ്രന്ഥത്തിന് ഇതിഹാസരത്നമായ മഹാഭാരതത്തോട് സാഹോദര്യമുണ്ട്. വംശപരമ്പരയുടെ ക്രമം ഇങ്ങനെയാണ്: അർജ്ജുനന്റെ പുത്രൻ അഭിമന്യു. തൽപുത്രൻ പരീക്ഷിത്ത്. തൽപുത്രൻ ജനമേജയൻ. തൽപുത്രൻ ശതാനീകൻ. തൽപുത്രൻ സഹസ്രാനീകൻ തൽപുത്രൻ ഉദയനൻ. തൽപുത്രൻ നരവാഹനദത്തൻ—കഥാനായകൻ. ഇവരിൽ ജനമേജയന്റെ കഥവരെ മഹാഭാരതത്തിലുണ്ട്. ശതാനീകന്റെ കഥമുതൾ ഈ ഗ്രന്ഥത്തിൽ ആരംഭിക്കുന്നു. പ്രധാന കഥാനായകനും, ഉദയനരാജപുത്രനുമായ നരവാഹനദത്തൻ പരമശിവന്റെ ആനുകൂല്യത്തോടും ബന്ധുരാജാക്കളുടെ സഹായത്തോടുംകൂടി പ്രതിയോഗികളെ വിജയിച്ച് വിദ്യാധരചക്രവർത്തീപദം പ്രാപിക്കുന്നതാണ് ഈ ഗ്രന്ഥത്തിലെ സ്ഥായിയായ കഥാവസ്തു. ഈ കേന്ദ്രകഥയോടനുബന്ധിച്ച് അനേകം ഉപകഥകൾകൊണ്ട് ഈ ഗ്രന്ഥം വിപുലീകൃതമായിരിക്കുന്നു. വിവിധതരം ഉപകഥകളാകുന്ന അമൃതസരിത്തുക്കൾ ചേർന്നാണ് കേന്ദ്രകഥാക്ഷീരസാഗരം പൂർണ്ണീകൃതമായിരിക്കുന്നത്. മറെറാരുവിധത്തിൽ പറഞ്ഞാൽ, പ്രതിപാദ്യമാകുന്ന അസ്ഥിപഞ്ജരം

ഉപകഥകളാകുന്ന രക്തമാംസാദികളാൽ സമ്പുഷ്ടസുന്ദരമാക്കപ്പെട്ടിരിക്കുന്നു (പ്രധാന കഥയെ, അലങ്കാരഭാഷയിൽ അസ്ഥിപഞ്ജരമാക്കിയതുകൊണ്ട് അത് രസശൂന്യമെന്ന് അർത്ഥമാക്കരുത്). വേറൊരു വിധം പറഞ്ഞാൽ —കഥാവസ്തുവാകുന്ന വൃക്ഷകാണ്ഡം അനേകം ഉപകഥകളാകുന്ന ശാഖോപശാഖകളാൽ വിശാലാവൃതമായി പടർന്നുപന്തലിച്ച് നവരസങ്ങളാകുന്ന മധുരഫലങ്ങളെ വഹിച്ചുകൊണ്ട് അനുവാചകപഥികർക്കു സരസവും വിചിത്രച്ഛായയും നൽകി നിർവൃതിയരുളുന്നു. വിവിധ രസങ്ങളാകുന്ന കുസുമമധൂളികൾ ആസ്വാദകമധുപങ്ങളെ ആനന്ദമത്തരാക്കുന്നു. കവിതാരസികന്മാർക്ക് ആഹ്ലാദകരങ്ങളായി അലങ്കാരചമത്കൃതങ്ങളായ പലതരം ചെറിയ വർണ്ണനകൾ അവിടവിടെ കാണാം. ഫലിതപ്രിയരായ കുട്ടികൾക്ക് നുണഞ്ഞു ചിരിക്കുവാൻ കൊച്ചുകൊച്ചു ഹാസ്യമിട്ടായിഗുളികകൾ ചില തരംഗച്ചെപ്പുകളിൽ നിറച്ചു വച്ചിരിക്കുന്നു. ഇങ്ങനെ എല്ലാ തരക്കാർക്കും—ലീലാലോലുപരായ ബാലന്മാർക്കും ശൃംഗാരരസികരായ യുവാക്കൾക്കും വിരക്തരായ വൃദ്ധജനങ്ങൾക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും—ഒരുപോലെ വിഹരിക്കുവാൻ പററിയ ഒരത്ഭുതകലാകല്പകോദ്യാനമാണീ കഥാസരിത്സാഗരമെന്ന് കാൽഭാഗം വായിച്ചതോടെ ബോധ്യം വന്നു.

ഗ്രന്ഥത്തിൻെറ രൂപഭാവങ്ങൾ മനസ്സിലായപ്പോൾ, ഇത് ഇങ്ങനെ വായിച്ചു പോയാൽ മാത്രം പോരാ, മലയാളികളായ മററു കഥാകുതുകികൾക്കുകൂടി ആസ്വാദ്യമാക്കിത്തീർക്കണമെന്ന് ഒരാശയം മനസ്സിലുദിച്ചു. അതിന് ഇതിലെ ഒരു വരിയും വിടാതെ ഭാഷയിലേക്കു വിവർത്തനം ചെയ്യണമെന്നു തീരുമാനിച്ചു. ഇതിനു മുമ്പ് വേറെ ആരെങ്കിലും ഈ ഗ്രന്ഥം തർജ്ജമ ചെയ്തിട്ടുള്ളതായി ഞാനറിഞ്ഞിരുന്നില്ല. അതിനാൽ ആദിമുതൽ ഓരോ ലംബകവും വീണ്ടും വായിക്കുവാനും അതോടൊപ്പം ഭാഷാന്തരപ്പെടുത്തുവാനും ആരംഭിച്ചു. ഗദ്യത്തെക്കാൾ എളുപ്പത്തിൽ ഏതു ജാതി വൃത്തത്തിലും പദ്യങ്ങൾ നിർമ്മിക്കുവാൻ സ്വതസ്സിദ്ധമായുണ്ടായിരുന്ന വാസനയും പരിചയവും വിനിയോഗിച്ച് ഇടയ്ക്കിടയ്ക്ക് ചില ഉചിതസ്ഥാനങ്ങളിലെ രചന, പദ്യരൂപത്തിലാക്കുവാൻ ഉത്സാഹം തോന്നി. മൂലഗ്രന്ഥത്തിൽ ഓരോ ലംബകാരംഭത്തിലുമുള്ള മംഗളാചരണങ്ങൾ പദ്യത്തിൽതന്നെ സംസ്കൃതവൃത്തങ്ങളിലാക്കി വിവർത്തനം ചെയ്തു. ഉപകഥാഭാഗങ്ങളിൽ ചില സ്ഥാനത്തുള്ള ഈശ്വരസ്തുതികൾക്കും ദൗത്യസന്ദേശങ്ങൾക്കും മററും, സന്ദർഭോചിതങ്ങളായ ദ്രാവിഡവൃത്തങ്ങൾ ഉപയോഗിച്ചുകൊണ്ടിരുന്നു. ഈ മനോധർമ്മപ്രയോഗങ്ങളിൽ മൂലത്തിലെ ആശയം തെല്ലും ചോർന്നുപോകാതിരിക്കുവാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ശ്ലേഷാർത്ഥപ്രയോഗംപോലും വിട്ടുകളയാതെ സ്വീകരിക്കയും അടിവരയിട്ട് അർത്ഥം കുറിച്ചിടുകയുംചെയ്തു.

ഈ രീതിയിൽ നിഷ്കൃഷ്ടമായ വിവർത്തനം ഒരു കൊല്ലക്കാലം ചെയ്ത് ഏകദേശം പകുതിയോളമായപ്പോൾ എന്നെ നിരുത്സാഹപ്പെടുത്തുമാറ് ഒരു സുഹൃത്തിൽനിന്നും ഒരു നിവേദനം കിട്ടി. ഈ ഗ്രന്ഥം മുഴുവൻ വടക്കൻ കവികളിൽ ഒരാളായിരുന്ന ശ്രീ കുററിപ്പുറത്ത് കിട്ടുണ്ണിനായർ വിവർത്തനം ചെയ്കയും സാഹിത്യഅക്കാദമിയുടെ സഹായത്തോടുകൂടി രണ്ടു വാല്യമായി അച്ചടിപ്പിച്ചു പ്രസിദ്ധീകരിക്കയും ചെയ്തിട്ടുണ്ടെന്നാണ് കിട്ടിയ അറിവ്. ഈ വസ്തുത നേരത്തേ അറിഞ്ഞിരുന്നെങ്കിൽ ഞാൻ ഈ വേലയ്ക്കു പുറപ്പെടുകയില്ലായിരുന്നു. ആദ്യമേ അന്വേഷിക്കാതിരുന്നത് അബദ്ധമായി എന്നു തോന്നി. വാർത്ത കേട്ടതോടുകൂടി എഴുത്തു നിർത്തി. ഏതായാലും ആ വിവർത്തനം ഏതുമാതിരിയാണെന്നറിയണമെന്നു തീരുമാനിച്ച് എൻ. ബി. എസ്സിൻെറ എറണാകുളം ബ്രാഞ്ചിൽ പോയി പുസ്തകത്തിൻെറ ഒന്നാം വാല്യം വാങ്ങി അവിടെവച്ചുതന്നെ കുറെ വായിച്ചുനോക്കി. അപ്പോൾതന്നെ മനസ്സിനു സമാധാനമായി. എൻേറതിൽ നിന്നും എത്രയോ വ്യത്യസ്തമാണ് അതിലെ വിവർത്തനരീതി. മൂലത്തിലെ കഥാവസ്തുക്കളെ മാത്രം സ്വീകരിച്ച് മിക്കവാറും സ്വതന്ത്രമായും ചില ഭാഗം



സംക്ഷേപിച്ചുമാണ് കുററിപ്പുറത്തിൻെറ വിവർത്തനമെന്നു ബോദ്ധ്യമായി. ഈ വിവർത്തനം കൂടാതെ വിദ്വാൻ വി.എൻ.കെ. പണിക്കർ എന്നൊരാൾകൂടി ഈ ഗ്രന്ഥം തർജ്ജമ ചെയ്തിരിക്കുന്നു എന്നൊരു വാർത്തയും ആയിടയ്ക്കു നടപ്പുണ്ടായിരുന്ന 'മലയാളരാജ്യം' പത്രത്തിൽ കാണുകയുണ്ടായി. അതിൻെറ ഒരു പ്രതിയും മലയാളരാജ്യം ഡിപ്പോയുടെ ബ്രാഞ്ചിൽനിന്നും വാങ്ങിനോക്കി. അതു മുൻപറഞ്ഞതിനെക്കാൾ സംക്ഷിപ്തവും അപൂർണ്ണവുമാണെന്നു കണ്ടു. അങ്ങനെ ഇതിനു മുമ്പുണ്ടായിട്ടുള്ള രണ്ടു വിവർത്തനങ്ങളിൽനിന്നും എത്രയോ വ്യതിരിക്തമാണ്, ഒരു വരിപോലും വിട്ടുകളയാത്ത എൻെറ പരിഭാഷയെന്നു തിരിച്ചറിഞ്ഞതോടുകൂടി ഉദ്യമം തുടരുവാൻ എനിക്കു പൂർവ്വാധികം ഉത്സാഹമായി. എന്തിനധിവിസ്തരം? മൊത്തം രണ്ടരക്കൊല്ലം വിനിയോഗിച്ച് കഥാസരിത്സാഗരം മുഴുവൻ നീന്തി അതിൻെറ അഗാധതലങ്ങളിൽ നിരന്നുകിടന്നിരുന്ന അഖിലാർത്ഥസഞ്ചയവും അരിച്ചുവാരിയെടുത്തുകൊണ്ട് മറുകര പററുകയുംചെയ്തു. ഇതാണ് ഈ വിവർത്തനത്തിൻെറയും വിവർത്തകൻെറയും സംക്ഷിപ്തചരിത്രം.

ഈ ഗ്രന്ഥം വിവർത്തനം ചെയ്തത് പത്തു കൊല്ലം മുമ്പ് ഞാൻ ജന്മദേശമായ അരൂര് താമസിച്ചിരുന്ന കാലത്താണ്. അന്നത്തെ സാഹിത്യാന്തരീക്ഷത്തിലെ കാലാവസ്ഥ ഈദൃശഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിന് അനുയോജ്യമല്ലായിരുന്നതിനാൽ ഇത്രയും കാലം ദുർദശാഗ്രസ്തമായി ഇരുട്ടറയിൽ കിടക്കുകയായിരുന്നു. സാഹിത്യലോകത്തിൽ അപ്രസിദ്ധനും ആധുനികപണ്ഡിതന്മാർക്ക് അപരിചിതനുമായ ഒരു എഴുത്തുകാരൻ എത്ര വിദഗ്ദ്ധനായിരുന്നാലും അയാളുടെ ഗ്രന്ഥം എത്രകണ്ട് പ്രയോജനപ്രദമായിരുന്നാലും പ്രസിദ്ധീകരണവ്യവസായികൾക്ക് അതിൽ മതിപ്പും വിശ്വാസവും ഉണ്ടാവുക എളുപ്പമല്ല. 'വിദ്വാന്മാരഭിനന്ദിച്ചേ വിജ്ഞാനം സാധുവായ് വരൂ' എന്നാണല്ലോ കവികുലഗുരുതന്നെ പ്രവചിച്ചിട്ടുള്ളത്. സാഹിത്യപ്രപഞ്ചത്തിൽ പേരു സമ്പാദിക്കുവാനോ പണ്ഡിതന്മാരുമായി പരിചയം പുലർത്തുവാനോ എനിക്ക് അവസരം ലഭിച്ചിരുന്നില്ല. അഥവാ, അതിന് ഉത്സാഹിച്ചിരുന്നില്ല. അങ്ങനെയിരിക്കെ, അടുത്തകാലത്തു സ്വദേശത്തുനിന്നും തലസ്ഥാനനഗരിയിലേക്കു താമസം മാററുവാനിടയായത് എനിക്കും എൻെറ സാഹിത്യസന്താനങ്ങൾക്കും ശുഭോദർക്കമായി ഭവിച്ചു. ഇവിടെയുള്ള പണ്ഡിതവരേണ്യന്മാരും സാഹിത്യപ്രമാണികളുമായി പരിചയപ്പെടാനും അവരിൽ പ്രശസ്തന്മാരായ ശ്രീ ശൂരനാട്ടു കുഞ്ഞൻപിള്ള, ഡോ. കെ. ഭാസ്കരൻനായർ, ഡോ. പി. കെ. നാരായണപിള്ള എന്നിവരുടെ സ്നേഹബഹുമാനങ്ങൾ ആർജ്ജിക്കുവാനും ഭാഗ്യമുണ്ടായി. എൻെറ സാഹിത്യപ്രയത്നം ഞാൻ അവരുടെ നിരീക്ഷണത്തിനു വിധേയമാക്കുകയും അവതാരികയും അഭിനന്ദനവും രേഖപ്പെടുത്തി അവർ എന്നെ പ്രോത്സാഹിപ്പിക്കയും പ്രസാധനത്തിന് വഴിതെളിക്കയുംചെയ്തു. ആ മഹാന്മാരിൽ എനിക്കുള്ള കൃതജ്ഞത എത്രത്തോളമെന്നു വിവരിക്കുവാനുള്ള വാക്സമ്പത്തിയോ രേഖപ്പെടുത്തുവാനുള്ള പദവ്യുൽപത്തിയോ അളന്നു കാണിക്കുവാനുള്ള മാനനാളികയോ ഇല്ലാഞ്ഞു ഞാൻ കേവലം ഖിന്നനായി, മൂകനായി നിന്നുപോകുന്നു. ആ മാന്യസുഹൃത്തുക്കൾക്ക് ആയുരാരോഗ്യങ്ങൾ നേരുവാനേ ഞാൻ ശക്തനാകുന്നുള്ളൂ.

അപ്രകാശിതങ്ങളായി, അന്ധകൂപങ്ങളിൽ അടിഞ്ഞുകിടക്കുന്ന സാഹിത്യകൃതിരത്നങ്ങളെ കണ്ടെടുത്ത് അതിൻെറ മാററുരച്ചു നോക്കി മൂല്യം മനസ്സിലാക്കി, കൈരളികാമിനിക്ക് അലങ്കാരമാക്കി പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രശസ്തശില്പിവര്യനായ ശ്രീ ഡി. സി. കിഴക്കെമുറിയുടെ സഹായഹസ്തം നീളാതിരുന്നെങ്കിൽ ഇപ്പോഴും ഈ ഗ്രന്ഥം വെളിച്ചം കാണുകയില്ലായിരുന്നു. അവശോദ്ധാരകനും സ്നേഹസമ്പന്നനുമായ ആ മഹാപുരുഷനോട് എനിക്കുള്ള അഗാധമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

കഥാസരിത്സാഗരം നിർമ്മിച്ചതിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് ഇതിൻെറ മൂലകർത്താവായ മഹാകവി ശ്രീ സോമദേവഭട്ടൻ ഇങ്ങനെ പ്രബോധിപ്പിച്ചിരിക്കുന്നു:

'വൈദഗ്ദ്ധ്യ ഖ്യാതിലോഭായ
മമ നൈവായമുദ്യമഃ
കിംതു, നനാകഥാജാല
സ്മൃതിസൗകര്യസിദ്ധയേ.'

ഈ വിവർത്തകൻെറ ഉദ്ദേശ്യവും അതുതന്നെയാകയാൽ അതേ ആശയം തന്നെ ഏററുപാടിക്കൊള്ളുന്നു:

സാഹിത്യസാമർത്ഥ്യയശസ്സിനായി ഞാൻ
ഈഹിക്കയാലല്ലിതു തീർത്തു; പിന്നെയോ?
സൗഹിത്യമേകും ബഹുസൽകഥോൽക്കരം
മോഹിപ്പവർക്കാസ്വാദനീയമാക്കുവാൻ.

തിരുവനന്തപുരം
ഒക്ടോബർ 1978

**ജി. കുമാരൻനായർ**

# അവതാരിക

## 1. പ്രാരംഭം

എൻെറ ബഹുമാന്യ സുഹൃത്തായ വിദ്വാൻ ശ്രീ ജി. കുമാരൻനായർ അവർകൾ സാധിച്ച മഹത്തായ ഒരു പരിശ്രമത്തിൻെറ ഫലമാണ് 'കഥാസരിത്സാഗരം' എന്ന വിഖ്യാത സംസ്കൃതഗ്രന്ഥത്തിൻെറ ഈ ഭാഷാഗദ്യവിവർത്തനം. എൺപത്തിരണ്ടു വയസ്സു കഴിഞ്ഞ ശ്രീ നായരുടെ വിശിഷ്ടസംഭാവനയാണ് ഈ ഗ്രന്ഥം. തികഞ്ഞ സന്തോഷത്തോടുകൂടിയാണ് ഇത് ഞാൻ സഹൃദയ സമക്ഷം അവതരിപ്പിക്കുന്നത്.

മൂന്നുനാലു വർഷമേ ആയിട്ടുള്ളു ഈ പരിണതപ്രജ്ഞനെ പരിചയപ്പെടാൻ സാധിച്ചിട്ട്. അദ്ദേഹത്തിൻെറ ജന്മദേശം ചേർത്തലത്താലൂക്കിൻെറ വടക്കുപടിഞ്ഞാറേ കോണിൽ അരൂർ ആണ്. അവിടെയും അതിനടുത്ത സ്ഥലങ്ങളിലും ആയിരുന്നു അദ്ദേഹം അദ്ധ്യാപകവൃത്തിയിൽ ജീവിതം നയിച്ചിരുന്നത്. വാർദ്ധക്യത്തിൽ പുത്രരുമൊത്ത് ശ്രീ നായർ തിരുവനന്തപുരത്ത് വാസമാക്കിയശേഷമേ ഞങ്ങളുടെ പരിചയം തുടങ്ങിയുള്ളു. അദ്ദേഹം എനിക്ക് അയച്ച ഒരു എഴുത്താണ് ഞങ്ങളുടെ പരിചയത്തിൻെറ ആരംഭം. താൻ കഥാസരിത്സാഗരത്തിൻെറ തർജ്ജമ തയ്യാറാക്കിയിട്ടുണ്ടെന്നും അത് എന്നെ കാണിക്കാൻ ആഗ്രഹമുണ്ടെന്നുമായിരുന്നു എഴുത്തിൻെറ സാരം. ആ വിവരം അറിഞ്ഞപ്പോൾത്തന്നെ ശ്രീ കുമാരൻ നായരെ കാണണമെന്ന് എനിക്കു വലുതായ ആഗ്രഹം തോന്നി. സൗകര്യം പോലെ വന്നാൽ കാണാനും സംസാരിക്കാനും സന്തോഷമായിരിക്കുമെന്ന് ഞാൻ മറുപടി അയച്ചു. ഏതാനും ദിവസം കഴിഞ്ഞ് അദ്ദേഹം ഉന്മേഷഭരിതനായി എന്നെ വന്നു കണ്ടു. അദ്ദേഹത്തിൻെറ പരിഭാഷ കാണിക്കുകയുംചെയ്തു. ഭാരമേറിയ ഒരു കൃത്യം അദ്ദേഹം സ്വയം ഏറെറടുത്ത് ഭംഗിയായി പൂർത്തിയാക്കിയതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിച്ചു. പിന്നീട് അദ്ദേഹത്തിൻെറ പരിഭാഷ വായിക്കാനും സന്തോഷിക്കാനും സാധിച്ചതിലുള്ള സംതൃപ്തി ഞാൻ ഇപ്പോൾ അനുസ്മരിക്കുന്നു.

## 2. കഥാസരിത്സാഗരം

ക്രി. വ. 11-ാം ശതകത്തിൽ കാശ്മീരദേശത്ത് പ്രതിഭാപ്രകാശം പരത്തിയ സോമദേവൻെറ അനശ്വരകൃതിയാണ് 'കഥാസരിത്സാഗരം'. സംസ്കൃതത്തിലെ അതിപ്രശസ്ത കഥാസമ്പത്തുകളാണ് അത് ഉൾക്കൊള്ളുന്നത്. വിശ്വസാഹിത്യത്തിന് ഭാരതം നല്കിയിട്ടുള്ള മികച്ച സംഭാവനകളിൽ ഒന്നാണ് ഇത് എന്നും പ്രസ്താവിക്കാം. ഭാരതീയപണ്ഡിതന്മാരെപ്പോലെ വിദേശീയനിരൂപകകേസരികളും ഈ ഗ്രന്ഥത്തിൻെറ മഹിമയെ പ്രകീർത്തിച്ചിട്ടുണ്ട്. എ. ബി. കീത്ത് (A. B. Keith), എം. വിൻറർനിററ്സ് (M. Winternitz), ലക്കോട്ടെ (Lecote) എന്നിവരുടെ അഭിപ്രായങ്ങൾ അനുസ്മരിക്കാം. സി. എച്ച്. ററോണി (C.H. Tawney) ഈ ഗ്രന്ഥത്തിൻെറ ആംഗലപരിഭാഷ 1880-ൽ പ്രസിദ്ധപ്പെടുത്തിയത് ശ്ലാഘ്യമായ ഒരു സേവനമായിരുന്നു (Ocean of the Streams of Stories. 1-ാം പ: 1880. Asiatic Society of Bengal; later edited by N. M. Penzer). എന്നാൽ അതിനുമുമ്പ്, 1839-നും 1886-നും ഇടയ്ക്ക്, ജർമ്മനിയിൽ ബ്രോക്കാസ് എന്ന പണ്ഡിതൻ ഈ ഗ്രന്ഥം കുറെ ഭാഗം നാഗരാക്ഷരത്തിലും ശേഷം ഭാഗം റോമൻലിപിയിലും അച്ചടിപ്പിച്ചു പ്രകാശിപ്പിച്ച വസ്തുത കൃതജ്ഞതയോടെ രേഖപ്പെടുത്തണം.

റോണിയുടെ ആംഗലപരിഭാഷ രണ്ടാം പതിപ്പിന് ഇഗോർ ഡി സെറബ്റിയക്കോവ് (Igor D Serebryakov) എന്ന റഷ്യൻ പണ്ഡിതൻ കൊടുത്തിട്ടുള്ള അവതാരികയിൽ ഈ ഗ്രന്ഥം വിശ്വസാഹിത്യത്തിന് അനർഘമായ സംഭാവനയാണെന്ന് സുചിന്തിതമായ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

## 3. ഇതിന്റെ വൈശിഷ്ട്യം

പ്രാചീനകഥാസാഹിത്യത്തിന് സംസ്കൃതത്തെക്കാൾ കവിഞ്ഞ സംഭാവന വേറൊരു ഭാഷയും ചെയ്തിട്ടില്ലെന്ന് നിശ്ചയമായും കരുതാം. ഇതിഹാസങ്ങളിലും പുരാണങ്ങളിലും ബൗദ്ധജൈനമതഗ്രന്ഥങ്ങളിലും നിരന്നു പരന്നുകിടക്കുന്ന കഥകൾ വിശ്വസാഹിത്യവിദ്യാർത്ഥികൾക്ക് നിത്യാത്ഭുതപര്യടനത്തിനുള്ള വിസ്തൃതമണ്ഡലമത്രെ. അവ മതത്തോടു ബന്ധപ്പെട്ടവയാണെന്നു പറയാം. എന്നാൽ അത്തരം ബന്ധമില്ലാത്ത കഥകളാണ് കഥാസരിത്സാഗരംപോലുള്ള കൃതികളിൽ സംഭരിച്ചിരിക്കുന്നതെന്നുള്ളത് വിശേഷഗണനന അർഹിക്കുന്നു. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളെയും അവ സ്പർശിക്കുന്നുണ്ട്. അത്ഭുതകല്പനകളും കൗതുകഭാവനകളും സകല ജീവിതവൈചിത്ര്യങ്ങളും നിരത്തിവച്ചിരിക്കുകയാണ് അവയിൽ. പക്ഷിമൃഗാദികളും യക്ഷകിന്നരന്മാരും സാലഭഞ്ജികകളും ഭൂതപ്രേതപിശാചുക്കളും മായാവികളും ദേവതകളും മനുഷ്യരോടൊപ്പം കഥാപാത്രങ്ങളായി അവയിൽ പ്രത്യക്ഷപ്പെടുന്നു. പഞ്ചതന്ത്രം, ഹിതോപദേശം മുതലായവ പ്രാചീനകഥാസമ്പത്തുകളായി സമുല്ലസിക്കുന്നു. കല്ഹണന്റെ രാജതരംഗിണിപോലുള്ള കൃതികൾ ചരിത്രപരമായതുകൊണ്ട് അവയെ ഇവിടെ ഉൾപ്പെടുത്തുന്നില്ല.

ഐതിഹ്യങ്ങൾ, നാടോടിക്കഥകൾ, സ്ഥലപുരാണങ്ങൾ, വിനോദകഥകൾ, പ്രണയകഥകൾ, വീരകഥകൾ, മാന്ത്രികജാലവിദ്യകൾ, ആഭിചാരങ്ങൾ, ശോകപൂർണ്ണകഥകൾ, ഭാവനാഖ്യാനങ്ങൾ, വംശചരിത്രങ്ങൾ, സാഹസകൃത്യങ്ങൾ തുടങ്ങിയവയ്ക്ക് പുറമെ ബഹുവിധ വിശ്വാസങ്ങളും ആചാരങ്ങളും ഹൃദയത്തെ ബന്ധിക്കുന്ന ജീവിതപ്രശ്നങ്ങളും തിങ്ങിനിറഞ്ഞ മഹേന്ദ്രജാലവിലാസം ഈ കഥകളെ സമ്മോഹനമാക്കുന്നു. മററുതരം സാഹിത്യകൃതികൾക്ക് ഓരോന്നിനും ഓരോ വിധത്തിലുള്ള വൈശിഷ്ട്യം ഉണ്ടെങ്കിലും ഈ കഥകളുടെ സർവ്വജനാകർഷകത്വം ഒന്നു വേറെതന്നെ. പണ്ഡിതന്മാരെയും പാമരന്മാരെയും ഒരുപോലെ വശപ്പെടുത്തുന്നവയാണ് ഈ കഥകൾ. ഏതു ദേശത്തും ഏതു കാലത്തും ഇവ പ്രചരിക്കുന്നതിനു കാരണം ഇതുതന്നെ. ജീവിതത്തിന്റെ നാനാഭാവങ്ങളും സ്വതന്ത്രമായ ഭാവനാവിലാസങ്ങളും ഇവയിൽ നമുക്കു കണ്ട് ആനന്ദിക്കാം. ഈ വിധമുള്ള ആരാധനാഭാവത്തോടെയാണ് നാം ഭാരതത്തിലെ പ്രാചീനകഥകളെ സമീപിക്കുന്നത്. ആ കഥാസാഹിത്യനിധികളിൽ പ്രകൃതഗ്രന്ഥമായ 'കഥാസരിത്സാഗരം' സർവ്വോന്നതമഹിമയോടെ പരിശോഭിക്കുന്നു.

## 4. ഉള്ളടക്കം—ഗുണാഢ്യന്റെ ബൃഹത്കഥയുടെ സംക്ഷേപം

ഇരുപത്തോരായിരത്തി എഴുനൂറിലധികം ശ്ലോകങ്ങളിൽ നിബന്ധിച്ചിട്ടുള്ളതാണ് ഈ കഥാസരിത്സാഗരം. കഥകളാകുന്ന സരിത്തുകൾ (നദികൾ) ചെന്നു ചേരുന്ന സാഗരം (സമുദ്രം) എന്നാണ് ശബ്ദാർത്ഥം. പതിനെട്ടു ലംബകങ്ങളായും നൂററിയിരുപത്തിയഞ്ച് തരംഗങ്ങളായും ഈ മഹാഗ്രന്ഥം വിഭജിച്ചിരിക്കുന്നു. സാഗരമായതുകൊണ്ട് ലംബകം (മേഖല), തരംഗം (തിര) എന്ന വിഭജനം ഉചിതമാണ്. ലക്ഷം ശ്ലോകങ്ങളുള്ള മഹാഭാരതവും ഇരുപത്തിനാലായിരം ശ്ലോകങ്ങളുള്ള വാല്മീകിരാമായണവും ചില പുരാണങ്ങളും കഴിഞ്ഞാൽ വിസ്തൃതികൊണ്ടുതന്നെ കഥാസരിത്സാഗരം വിസ്മയം ഉളവാക്കും. എന്നാൽ ഈ മഹാഗ്രന്ഥംതന്നെ അതിപുരാതനകാലത്ത് ഗുണാഢ്യൻ എന്ന മഹാസിദ്ധൻ പൈശാചീഭാഷയിൽ ഏഴു ഭാഗങ്ങളിലായി ഏഴു ലക്ഷം ശ്ലോകങ്ങളിൽ നിബന്ധിച്ചിരുന്ന 'ബൃഹത്കഥ'



എന്ന അതിവിപുലഗ്രന്ഥത്തിന്റെ സംക്ഷേപമാണെന്ന് അറിയുമ്പോൾ നമ്മുടെ പ്രാചീനസംസ്കാരസമ്പത്തുകളെപ്പററി എത്രയെന്നില്ലാത്ത മഹാഭിമാനം തോന്നിപ്പോകും. തന്റെ കൃതിക്ക് ആധാരമായ ബൃഹത്കഥയെപ്പററിയും ഗുണാഢ്യനെപ്പററിയും സോമദേവൻ ചില വിവരങ്ങൾ നല്കിയിട്ടുണ്ട് (ഒന്നാം ലംബകം 6, 7, 8 തരംഗങ്ങൾ). അതിന്റെ സാരം താഴെ കൊടുക്കാം.

## 5. ഗുണാഢ്യനെപ്പററി—സോമദേവൻ നല്കുന്ന വിവരങ്ങൾ

സാതവാഹനരാജാവിന്റെ സദസ്യനായിരുന്നു ഗുണാഢ്യൻ. രാജാവ് ഒരിക്കൽ ഗുണാഢ്യനോടു സംസ്കൃതവ്യാകരണം പഠിക്കാൻ ആഗ്രഹം പ്രദർശിപ്പിച്ചു. വ്യാകരണത്തിൽ രാജാവിനു പാണ്ഡിത്യം ഇല്ലാതിരുന്നതു ലജ്ജാഹേതുകമായിത്തീർന്നതായിരുന്നു ഈ ആഗ്രഹപ്രദർശനഹേതു. ജലക്രീഡ ചെയ്തുകൊണ്ടിരിക്കെ രാജാവിന്റെ വിദുഷിയായ ഭാര്യ: 'മോദകൈഃ ദേവ പരിതാഡയമാം' എന്നു രാജാവിനോടു പറഞ്ഞു. ('അബ്രവീത് മോദകൈർ ദേവ, പരിതാഡയമാം ഇതി'—തരംഗം 7, ശ്ലോകം 114). 'മോദകൈഃ' എന്ന പദത്തിലാണ് വൈദുഷ്യശക്തി പ്രയോഗിച്ചത്. 'മാ ഉദകൈഃ' എന്ന പദങ്ങൾ സന്ധിചെയ്തിട്ടാണ് 'മോദകൈഃ' എന്നു പ്രയോഗിച്ചത്. ഉദകങ്ങളാൽ, മാ പരിതാഡയ (പരിതാഡനം ചെയ്യരുത്), വെള്ളം തെററി ഒഴിക്കരുത് എന്നു വിവക്ഷ. ഈ വ്യാകരണപ്രയോഗം മനസ്സിലാകാത്ത രാജാവ് 'മോദകങ്ങളാൽ എന്നെ താഡിക്കണം,' (മോദകൈഃ മാം താഡയ) എന്നു ധരിച്ചു. അതിനാൽ അദ്ദേഹം മോദകപലഹാരങ്ങൾ വരുത്തി രാജ്ഞിക്കു കൊടുത്തു. വ്യാകരണപണ്ഡിതയായിരുന്ന രാജ്ഞി രാജാവിന്റെ അജ്ഞതയെ പരിഹസിച്ചു. സ്നാനം ചെയ്യുന്ന സന്ദർഭത്തിൽ 'മോദക'ശബ്ദത്തിന് പലഹാരം എന്ന അർത്ഥം യോജിക്കുകയില്ലെന്നു രാജാവിനു മനസ്സിലായില്ലല്ലോ എന്നായിരുന്നു പരിഹാസം.

'സന്ധികാര്യം ന ജാനാസി
മാശബ്ദോദകശബ്ദയോഃ
ന ച പ്രകരണം വേത്സി
മൂർഖസ്ത്വം കഥമീദൃശഃ' (ലംബ. 1., ത. 7., ശ്ലോ. 117).

ഈ പരിഹാസത്താൽ ലജ്ജിതനായി രാജാവ് വ്യാകരണശാസ്ത്രം അഭ്യസിക്കുവാൻ തീർച്ചപ്പെടുത്തി. എത്ര കാലംകൊണ്ടു വ്യാകരണത്തിൽ പാണ്ഡിത്യം നേടാം എന്ന് ഗുണാഢ്യനോടു ചോദിച്ചു. അതിലേക്കു പന്ത്രണ്ടു വർഷം വേണ്ടിവരുമെന്ന് ഗുണാഢ്യൻ ഉത്തരം പറഞ്ഞു (തരംഗം 6., ശ്ലോകം 144). ആ സംഭാഷണം കേട്ടുകൊണ്ടിരുന്ന 'ശർവ്വവർമ്മ' എന്ന പണ്ഡിതൻ ഈ അഭിപ്രായത്തോടു വിയോജിച്ചു. ആറു മാസംകൊണ്ടു ശാസ്ത്രസിദ്ധി വരുത്താമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം (6-146). രണ്ടുപേരും വാതുവച്ചു. ശർവ്വവർമ്മ പറഞ്ഞതുപോലെ സാധിച്ചാൽ ഗുണാഢ്യൻ സംസ്കൃതവും പ്രാകൃതവും ദേശഭാഷയും ഒന്നും ഉപയോഗിക്കാതെ ജീവിച്ചുകൊള്ളാമെന്നു ശപഥം ചെയ്തു (6-148). താൻ പറഞ്ഞതുപോലെ സാധിച്ചില്ലെങ്കിൽ ശർവ്വവർമ്മ പന്ത്രണ്ടു വർഷം ഗുണാഢ്യന്റെ പാദുകങ്ങൾ തലയിൽ വച്ചുകൊണ്ടു നടന്നുകൊള്ളാമെന്നും സമ്മതിച്ചു.

കുറച്ചു കഴിഞ്ഞപ്പോൾ തന്റെ വാദം അബദ്ധമായിപ്പോയി എന്ന് ശർവ്വവർമ്മയ്ക്കു ബോദ്ധ്യപ്പെട്ടു. അദ്ദേഹം പരിഭ്രാന്തനായി. അദ്ദേഹത്തിന്റെ ഭാര്യ കാര്യം ചോദിച്ചു മനസ്സിലാക്കി ഭർത്താവിന് ഒരു ഉപദേശം നല്കി. കുമാരസ്വാമിയെ സേവിച്ചു വരം നേടണമെന്നായിരുന്നു ഭാര്യയുടെ നിർദ്ദേശം (6-152). ശർവ്വവർമ്മ കാർത്തികേയനെ ഭജിച്ചു. ദേവൻ പ്രസാദിച്ച് അദ്ദേഹത്തിനു വരം നല്കി. അങ്ങനെ ശർവ്വവർമ്മ ആറു മാസംകൊണ്ടുതന്നെ വരബലത്താൽ രാജാവിനെ ശാസ്ത്രനിപുണനാക്കി. പരാജിതനായ ഗുണാഢ്യനു സംസ്കൃത പ്രാകൃത-ദേശഭാഷകൾ പരിത്യജിക്കേണ്ടിവന്നു.

തനിക്കു പരിചയമുള്ള ഭാഷകൾ ഒന്നും ഉപയോഗിക്കാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ മൗനവ്രതം വരിച്ച് അദ്ദേഹം വിന്ധ്യാടവിയിൽ തപസ്സിനു പോയി. അവിടെ വനവാസികളായ 'പുളിന്ദ'ന്മാരുടെ സംഭാഷണം ദൂരെനിന്നും കേട്ട്, അവരുടെ പിശാചഭാഷ(ഭൂതഭാഷ) വശംപ്പെടുത്തി (7-27). പിന്നെ ഏഴു വർഷംകൊണ്ട് ഏഴു ഭാഗങ്ങളിലായി ഏഴു ലക്ഷം ശ്ലോകങ്ങൾ ഉള്ള 'ബൃഹത്കഥ' രചിച്ചു. വനത്തിൽ മഷി കിട്ടാഞ്ഞതുകൊണ്ട് ആ ഗ്രന്ഥം സ്വന്തം രക്തത്തിലായിരുന്നു അദ്ദേഹം ലേഖനം ചെയ്തത് (8-3).

പിന്നീടു തൻെറ ഗ്രന്ഥം പ്രചരിപ്പിക്കാൻ എന്താണുപായമെന്ന് ഗുണാഢ്യൻ ആലോചന തുടങ്ങി. ഗ്രന്ഥം സാതവാഹനരാജാവിനെ ഏല്പിക്കുന്നതായിരിക്കും നല്ലതെന്ന് അദ്ദേഹത്തിൻെറ ശിഷ്യന്മാരായ ഗുണദേവനും നന്ദിദേവനും അഭിപ്രായപ്പെട്ടു (8-9;10). ആ നിർദ്ദേശം സ്വീകരിച്ച് ഗുണാഢ്യൻ അതിവിപുലമായ ആ ഗ്രന്ഥം രാജാവിൻെറ മുമ്പിൽ സമർപ്പിക്കാൻ ആ ശിഷ്യന്മാരുടെ പക്കൽ കൊടുത്തയച്ചു. ഗുണാഢ്യനാകട്ടെ കൊട്ടാരത്തിനു വെളിയിൽ ഒരു ഉദ്യാനത്തിൽ നിന്നതേയുള്ളു.

ഹീനഭാഷയായ പൈശാചിയിൽ രചിച്ചിരുന്നതും രക്തത്തിൽ ആലേഖനം ചെയ്തിരുന്നതുമായ ആ ഗ്രന്ഥം രാജാവു തിരസ്കരിക്കുകയാണുചെയ്തത്. 'പ്രമാണം സപ്ത ലക്ഷാണി, പൈശാചം നീരസം വചഃ —ശോണിതേനാക്ഷരന്യാസോ, ധിക് പിശാചകഥാം ഇമാം'—എന്നാണ് സോമദേവൻെറ ഭാഷയിൽ രാജാവിൻെറ ഭർത്സനം (8-18). ശിഷ്യന്മാരിൽനിന്നും ഈ അവഹേളനം മനസ്സിലാക്കി ഗുണാഢ്യൻ ഭഗ്നാശനായിത്തീർന്നു. വനത്തിൽ ഒരു സ്ഥലത്തു ചെന്ന് അഗ്നികുണ്ഡം ചമച്ചു തൻെറ ഗ്രന്ഥം ഓരോ താളുകളായി എടുത്ത് ഉച്ചത്തിൽ വായിച്ചിട്ട് തീയിൽ നിക്ഷേപിച്ചു. അദ്ദേഹം വായിച്ചത് പക്ഷിമൃഗാദികൾ കേട്ടു. അദ്ദേഹത്തിൻെറ രണ്ടു ശിഷ്യന്മാരും ശ്രദ്ധിച്ചുകേട്ട് കണ്ണീരൊഴുക്കിക്കൊണ്ടു നിന്നു (8-19). ആറു ഭാഗങ്ങളും അങ്ങനെ വെന്തു നശിച്ചു. ഒടുവിൽ 'നരവാഹനദത്ത ചരിതം' എന്ന 7-ാം ഭാഗം മാത്രം ശേഷിച്ചു. ഏതായാലും അതെങ്കിലും നശിപ്പിക്കരുതെന്നു ശിഷ്യന്മാർ നിർബ്ബന്ധപൂർവ്വം അപേക്ഷിച്ചു. അങ്ങനെ ആ ഭാഗം മാത്രം അവശേഷിച്ചു.

ഗുണാഢ്യൻെറ ഈ പ്രവൃത്തി മനസ്സിലാക്കിയ രാജാവ് പശ്ചാത്താപത്തോടുകൂടി വന്ന് ഗുണാഢ്യനെ കണ്ട് അവശേഷിച്ച ഗ്രന്ഥഭാഗം വാങ്ങിക്കൊണ്ടു പോയി. ഗുണാഢ്യൻെറ രണ്ടു ശിഷ്യന്മാർ ഈ കഥ വ്യാഖ്യാനിച്ചു പ്രചരിപ്പിക്കുമെന്നും പറഞ്ഞു (8-33). അതിനുശേഷം യോഗശക്തികൊണ്ട് ഗുണാഢ്യൻ ദേഹത്യാഗം ചെയ്തു ദിവ്യപദം പ്രാപിച്ചു (8-34).

സോമദേവൻ കഥാപീഠലംബകത്തിൽ ആഖ്യാനം ചെയ്തിട്ടുള്ള ഈ കഥയുടെ സത്യാവസ്ഥയെപ്പററി ഒന്നും പറയാൻ സാദ്ധ്യമല്ല. സോമദേവൻെറ കാലത്ത് നിലവിലിരുന്ന ഐതിഹ്യത്തെ ആധാരമാക്കിയുള്ള പ്രസ്താവമായിരിക്കാം ഇത്. അല്ലെങ്കിൽ ഗുണാഢ്യൻെറ പൈശാചീഭാഷാകൃതിയിൽത്തന്നെ ഈ കഥയും ഉണ്ടായിരുന്നിരിക്കാം. ഏതായാലും അത്ര പ്രാചീനമായ കാലത്ത് (ക്രിസ്തുവർഷാരംഭത്തിലോ അതിനു മുമ്പോ) അപകൃഷ്ടഭാഷയായ പൈശാചിയിൽ ഇത്ര മഹത്തായ ഒരു ഗ്രന്ഥം ഉണ്ടായതിന് മതിയായ കാരണം കല്പിക്കണമല്ലോ. ആ മനോഗതിയോടെ ഏതോ ഭാവനാകുശലൻ കല്പിച്ചതാണോ ഈ കഥ? ഏതായാലും അതിമഹത്തായ ഒരു സാഹിത്യസൃഷ്ടി ചെയ്ത ഒരു മഹാൻെറ ജീവിതാനുഭവമെന്ന നിലയ്ക്ക് ഈ കഥ നമ്മുടെ ഹൃദയത്തെ മഥിക്കുന്നു.

## 6. സാഹിത്യത്തിന് ഗുണാഢ്യൻെറ സംഭാവന

പ്രകൃതചിന്താവിഷയമായ കഥാസരിത്സാഗരത്തിന് ആധാരഭൂതമായ ഗ്രന്ഥത്തിൻെറ കർത്താവെന്ന നിലയ്ക്ക് ഗുണാഢ്യനെപ്പററി ഇവിടെ പരാമർശിച്ച



താണ്. എന്നാൽ ആ മഹാനെപ്പററി സ്മരിക്കാൻ അത്രമാത്രമല്ല കാരണം. ഭാരതീയസാഹിത്യത്തിനും വിശ്വസാഹിത്യത്തിനുതന്നെയും അമൂല്യസംഭാവന ചെയ്ത ഒരു ഭാരതീയമഹാസിദ്ധനായിരുന്നു അദ്ദേഹം. പുരാതനത്വംകൊണ്ട് വാല്മീകി, വ്യാസൻ എന്നീ ആദികവീശ്വരന്മാരെപ്പോലെ ഗുണാഢ്യൻ ഐതിഹ്യമണ്ഡലത്തിൽ മങ്ങിയ വെളിച്ചത്തിൽ നില്ക്കുന്നതേയുള്ളു. അദ്ദേഹം പൈശാചീഭാഷയിൽ വിരചിച്ച 'ബൃഹത്കഥ' എത്രയോ കാലമായി നശിച്ചുപോയിട്ട്. എങ്കിലും അങ്ങനെ ഒരു മഹാഗ്രന്ഥം ഉണ്ടായിരുന്നു എന്നതിൽ സംശയത്തിനു വകയില്ല.

## 7. ബൃഹത്കഥയുടെ പ്രചാരം

പൈശാചീഭാഷയിലായിരുന്നു എങ്കിലും അതിന് ആദ്യംമുതല്ക്കേ വലുതായ പ്രചാരം സിദ്ധിച്ചിരുന്നതായി മനസ്സിലാക്കാം. ഗുണദേവൻ, നന്ദിദേവൻ എന്നീ ശിഷ്യന്മാർതന്നെ അതിൻെറ വ്യാഖ്യാതാക്കന്മാരായിരിക്കുമെന്നു പറഞ്ഞിട്ടുണ്ടല്ലോ. ഭാസൻ, കാളിദാസൻ തുടങ്ങിയ പ്രാചീനസംസ്കൃതകവികൾ ഗുണാഢ്യൻെറ കഥകളെ സ്വീകരിച്ചിരുന്നത് വലുതായ ഒരു തെളിവാണ്. ബൃഹത്കഥയുടെ ഭിന്നമാതൃകകൾ സംസ്കൃതത്തിൽ ഉണ്ടായതും ഇവിടെ ഓർമ്മിക്കാം. കാശ്മീര ദേശത്തും നേപ്പാളത്തിലും ബൃഹത്കഥയുടെ വ്യത്യസ്തരൂപങ്ങളാണ് പ്രചരിച്ചത്. കാശ്മീരകവീശ്വരന്മാരായ ക്ഷേമേന്ദ്രൻെറയും സോമദേവൻെറയും കൃതികളും നേപ്പാളദേശീയനായ ബുദ്ധസ്വാമിയുടെ കൃതിയും ഇവിടെ താരതമ്യപ്പെടുത്താം. ക്ഷേമേന്ദ്രൻെറ ബൃഹത്കഥാമഞ്ജരിയും സോമദേവൻെറ കഥാസരിത്സാഗരവും കാശ്മീരമാതൃകയെ അനുസരിക്കുന്നു. ബുദ്ധസ്വാമിയുടെ ബൃഹത്കഥാശ്ലോക സംഗ്രഹം ഇവയിൽനിന്നു വ്യത്യസ്തമാണ് (See Lacote-Essai p.207). ഗുണാഢ്യൻെറ കൃതിക്ക് പല ദേശങ്ങളിലും രൂപഭേദങ്ങൾ വന്നതിനു തെളിവാണല്ലോ ഈ വ്യത്യാസം. തെക്കേ ഇന്ത്യയിൽപ്പോലും ഈ പൈശാചീകാവ്യത്തിന് പണ്ടുതന്നെ പ്രചാരം കിട്ടിയിരുന്നു എന്നതിനും തെളിവുണ്ട്. ഗംഗാ (കൊങ്ങ്) രാജാവായിരുന്ന ദുർവിനീതൻ (ക്രി. വ. 7-ാം നൂററാണ്ടിൻെറ ആദ്യം) സംസ്കൃതകൃതിയായ 'ബൃഹത്കഥ'യും അതിനെ ആസ്പദമാക്കി കൊങ്ങുമണ്ഡലത്തിലെ 'കൊങ്ങുവേൾ' എന്ന കവി (ക്രി. വ. 10-ാം ശതകത്തിനു മുമ്പ്) തമിഴിൽ നിർമ്മിച്ച 'പെരുംകതൈ' എന്ന 'ഉദയനനരവാണൻ'കഥയും ഗുണാഢ്യനു ദക്ഷിണഭാരതത്തിൽ കിട്ടിയ പ്രചാരത്തെ സൂചിപ്പിക്കുന്നു. തമിഴിലെ 'നരവാണൻ' മൂലകൃതിയിലെ 'നരവാഹന ദത്ത'നാണ്. ഉദയനനും, നരവാഹന ദത്തനുമാണ് ഗുണാഢ്യകൃതിയിലെ കഥാനായകന്മാർ (A History of Tamil Literature—E. Jesudasan and Hephzibah. Jesudasan. p.117-120). 'പെരുംകത'യുടെ കാലം 'കഥാസരിത്സാഗരത്തിനും' മററും മുമ്പാണെന്നും, അതിനാൽ അത് ഗുണാഢ്യൻെറ കൃതിയെ നോക്കി പകർത്തിയതാണെന്നും വ്യക്തം.

കാളിദാസൻെറ മേഘസന്ദേശത്തിൽ ഉജ്ജയിനീവർണ്ണനത്തിൽ 'ഉദയനകഥാകോവിദഗ്രാമവൃദ്ധ'രെപ്പററിയുള്ള പരാമർശം (പൂർവ്വ-സ. ശ്ലോ.30), അദ്ദേഹത്തിൻെറതന്നെ വിക്രമോർവ്വശീയം നാടകത്തിലെ കഥ, ക്രി. വ. 7-ാം ശതകത്തിൽ ജീവിച്ചിരുന്ന ദണ്ഡിയുടെ കാവ്യാദർശത്തിലെ പരാമർശം—'ഭൂതഭാഷാമയീം പ്രാഹുർ അത്ഭുതാർത്ഥാം ബൃഹത്കഥാം' (കാവ്യാദർശം പരിച്ഛേദം. ശ്ലോ. 38). 'സുബന്ധു'വിൻെറ വാസവദത്തയിലെ—'ബൃഹത്കഥാരംഭൈരിവ ശാലഭഞ്ജികോപേതൈഃ' എന്ന വാക്യം 7-ാം ശതകത്തിൽ ജീവിച്ചിരുന്ന ഭട്ടബാണൻെറ ഹർഷചരിതത്തിൽ, 'ഹരലീലേവനോ കസ്യ വിസ്മയായ ബൃഹത്കഥാ' എന്ന പ്രസ്താവം, കാദംബരിയിൽ ഉജ്ജയിനീവർണ്ണനത്തിൽ 'ബൃഹത്കഥാകുശലേന' എന്ന പ്രസ്താവം മുതലായവ ഗുണാഢ്യൻെറ പൈശാചീബൃഹത്കഥയ്ക്ക് അക്കാലങ്ങളിൽ ഉണ്ടായിരുന്ന പ്രചാരത്തിനും പ്രശസ്തിക്കും തെളിവാണ്. കാശ്മീരത്തിന്

വടക്കുപടിഞ്ഞാറുള്ള ഇന്ത്യയുടെ അതിർത്തിപ്രദേശങ്ങൾക്കു വെളിക്കുള്ള പ്രദേശങ്ങളിലെ ഭാഷയാണ് പൈശാചി. അതിനാൽ ടിബററ്, ചൈന മുതലായ അയൽനാടുകളിലേക്കും പേർഷ്യയിലേക്കും പിന്നെ അറേബ്യ തുടങ്ങിയ പടിഞ്ഞാറൻ നാടുകളിലേക്കും ആ പൈശാചീഭാഷാഗ്രന്ഥം പ്രചരിച്ചതായി കരുതാൻ ന്യായമുണ്ട്. അതിൻെറ പ്രേരണകൊണ്ടുള്ള കൃതികളുടെ കൂട്ടത്തിൽ പ്പെട്ടതല്ലേ ഈസോപ്പിൻെറ കഥകളും അറബിക്കഥകളും മററും?

## 8. ഗുണാഢ്യൻെറ സമകാലികനായിരുന്ന സാതവാഹനനെപ്പററി

ഗുണാഢ്യൻെറ കാലമേതായിരുന്നു എന്നും ബൃഹത്കഥയുടെ ആദ്യരൂപം എന്തായിരുന്നു എന്നും നിശ്ചയമായി അറിയാൻ പാടില്ല. ക്രിസ്തുവർഷത്തിൻെറ ആദിശതകത്തിലോ അതിനു മുമ്പോ ആയിരുന്നു ഗുണാഢ്യൻെറ കാലമെന്നു പറഞ്ഞു. സാതവാഹനരാജാവിൻെറ സദസ്യനായിരുന്നു ഗുണാഢ്യനെന്നും സൂചിപ്പിച്ചുവല്ലോ. ക്രി. വ. 1-ാം ശതകത്തിൽ പഞ്ചാബിൽ നാടുവാണിരുന്ന മിളന്ദൻ(മേനന്ദർ)തന്നെയാണ് സാതവാഹനരാജാവ് എന്നും അദ്ദേഹത്തെ ത്തന്നെയാണ് വിക്രമാദിത്യൻ, നരവാഹനൻ എന്നൊക്കെ പരാമർശിക്കുന്ന തെന്നും ഗവേഷണ പണ്ഡിതനായ എ. ബാലകൃഷ്ണപിള്ള പറയുന്നു (സാഹിത്യ ഗവേഷണമാല-1, ഗുണാഢ്യൻ-പു. 7). ഗുണാഢ്യൻ എന്നത് തൂലികാനാമം മാത്രമായിരുന്നു എന്നും പറയുന്നു. ആ പുരാതന കവിവര്യൻെറ യഥാർത്ഥനാമം നാഗഭിക്ഷു, നാഗാർജ്ജുനൻ എന്നായിരുന്നു എന്നും അദ്ദേഹമാണ് ബുദ്ധമത ത്തിലെ മഹായാനമാർഗ്ഗം സ്ഥാപിച്ചതെന്നും ബാലകൃഷ്ണപിള്ള തുടരുന്നു. (പു.8; 33-38). ബൃഹത്കഥയെപ്പോലുള്ള ലൗകികസാഹിത്യം തൻെറ യഥാർത്ഥ നാമധേയത്തിൽ പ്രചരിപ്പിക്കാൻ വൈമുഖ്യം തോന്നിയതുകൊണ്ടായിരുന്നു ബുദ്ധഭിക്ഷുവര്യനായ നാഗാർജ്ജുനൻ ഗുണാഢ്യനെന്ന നാമം സ്വീകരിച്ചതെന്നു മാണ് ബാലകൃഷ്ണപിള്ളയുടെ നിഗമനം (പു. 66).

നാഗാർജ്ജുനൻ എന്ന ഒരു ബുദ്ധഭിക്ഷുപ്രവരൻ ഉണ്ടായിരുന്നു എന്നതു സത്യംതന്നെ. എന്നാൽ അദ്ദേഹംതന്നെയാണോ ഗുണാഢ്യൻ എന്നത് വിചാര ണീയമായി അവശേഷിക്കുന്നു.

## 9. ഗുണാഢ്യൻെറ മഹാസംഭാവനകൾ

ഗുണാഢ്യനെപ്പററി നിസ്സന്ദേഹമായ വിവരം ലഭിക്കുന്നില്ലെങ്കിലും അദ്ദേഹത്തെ സംബന്ധിച്ച് അതിപ്രധാനമായ ചില വസ്തുതകൾ ചൂണ്ടിക്കാണിക്കാനുണ്ട്. ജനകീയകഥകളെ സമാഹരിക്കുവാനും അവയെ സാമാന്യജനങ്ങളുടെ ഒരു ഭാഷയിൽ അവതരിപ്പിക്കാനും ചെയ്ത മഹാപരിശ്രമം വിശ്വസാഹിത്യചരിത്രത്തിലെ ഒരു അത്ഭുതസംഭവമാണ്. വേദസംഹിതകൾ ക്രോഡീകരിച്ച വേദവ്യാസൻെറ യത്നത്തിനു തുല്യമായി ഇതിനെ കണക്കാക്കാം. ഗുണാഢ്യൻെറ മൂലകൃതിയിലെ ഏഴാം ഭാഗത്തിലേ ഒരു ലക്ഷം ശ്ലോകം മാത്രമേ അവശേഷിച്ചുള്ളു എന്നാണല്ലോ ഐതിഹ്യം. ഇത് സത്യമാണെങ്കിൽ എന്തൊരു ലോകാത്ഭുതസാഹിത്യയജ്ഞം മാണ് ആ വിശ്വവന്ദ്യൻ സാധിച്ചത്. ഒരു ലക്ഷം ശ്ലോകമുള്ള ഏഴാം ഭാഗം മാത്രമേ യഥാർത്ഥത്തിൽ നിർമ്മിച്ചുള്ളു എന്നുവന്നാൽത്തന്നെയും നമ്മുടെ മതിപ്പിന് ഇടിവ് വരികയില്ല. ഭഗീരഥപ്രയത്നം പുരാണാദർശമായി കരുതുന്ന ഭാരതത്തിൽ ഒരു ബൃഹത്കഥയും ഒരു വാല്മീകിരാമായണവും ഒരു മഹാഭാരതവും മററും ഉണ്ടാകുന്നത് പാരമ്പര്യശക്തികൊണ്ടുതന്നെയാണ്.

## 10. പൈശാചീഗ്രന്ഥത്തിൻെറ പ്രാധാന്യം

എന്നാൽ അതിലും വിശേഷപ്പെട്ടതാണ് സംസ്കൃതത്തെ മാററിനിറുത്തിയിട്ട് ഹീന ഭാഷയായ പൈശാചിയിൽ ഈ ബൃഹത്ഗ്രന്ഥം നിർമ്മിച്ചത്. പൈശാചീ ഭാഷാ സ്വീകരണം അന്നത്തെ നിലയ്ക്ക് വിശേഷിച്ചും എന്തൊരു സാമാന്യജന



സേവനമായിരുന്നു! വാല്മീകിയും വ്യാസനും സംസ്കൃതമാണ് സ്വീകരിച്ചത്, തങ്ങളുടെ വിശ്വോത്തരകൃതികൾ നിർമ്മിക്കാൻ. സാർവ്വജനീനമാണ് അവരുടെ സാഹിത്യ ശേവധികൾ എന്നുള്ളതിൽ സംശയമില്ലെങ്കിലും സംസ്കൃതമറിയാത്ത സാമാന്യ ജനങ്ങൾക്ക് ആ മഹാസാമ്രാജ്യങ്ങളിൽ കടന്നുചെല്ലാൻ സാദ്ധ്യമല്ലല്ലോ. കൃഷ്ണൻെറ ഗീതോപദേശം സംസ്കൃതത്തിലാണെങ്കിൽ, ബുദ്ധൻെറ ഉപദേ ശങ്ങൾ പാലിഭാഷയിലായിരുന്നുവെന്ന് ഓർമ്മിക്കുക. ബുദ്ധൻ കാണിച്ച ആ സാമാന്യജനസേവനമാതൃക ഗുണാഢ്യൻ പിന്തുടർന്നു എന്നല്ലേ കരുതേണ്ടത്? ഭാരതത്തിൻെറ വടക്കുകിഴക്കേ ഭാഗത്തും നേപാളത്തിലും ധർമ്മപ്രചാരണം നടത്തിയ ബുദ്ധൻ അവിടത്തെ സാമാന്യജനങ്ങളുടെ ഭാഷ സ്വീകരിച്ചു. അതുപോലെ ഭാരതത്തിൻെറ വടക്കുപടിഞ്ഞാറേ പ്രദേശത്തു ജീവിച്ച ഗുണാ ഢ്യൻ അവിടത്തെ ഭാഷയായ പൈശാചി സ്വീകരിച്ചത് അത്യന്തം സമുചിതംതന്നെ. അദ്ദേഹം ബുദ്ധഭിക്ഷുവോ ജൈനമതാവലംബിയോ ആരായിരുന്നെങ്കിലും ഈ ഭാഷാപക്ഷപാതം സ്വാഭാവികംതന്നെ. ഇതിനു സമാനമായി ഒരു കഥകൂടി ഓർമ്മവരുന്നു. വിന്ധ്യപർവ്വതം കടന്ന് ആദ്യമായി ദക്ഷിണഭാരതത്തിൽ വന്ന അഗസ്ത്യമഹർഷി തമിഴ്ഭാഷയിൽ പാണ്ഡിത്യം നേടിയതും ആദ്യമായി തമിഴ് വ്യാകരണം നിർമ്മിച്ചതും പ്രകൃതത്തിൽ സ്മരണീയമാണ്. അഗസ്ത്യൻെറ കൃതികളും ഗുണാഢ്യൻെറ ബൃഹത്കഥപോലെതന്നെ നഷ്ടപ്പെട്ടുപോയിരി ക്കുകയുമാണ്.

## 11. പൈശാചീഭാഷയെപ്പററി

ഏതാണ്ട് രണ്ടായിരം വർഷം മുമ്പ് ബൃഹത്കഥപോലെയുള്ള ഒരു മഹാകാവ്യം നിർമ്മിക്കാൻ പര്യാപ്തമായിരുന്ന പൈശാചീഭാഷയെപ്പററിയും ഒരു വാക്കു പറയേണ്ടേ? പൈശാചീഭാഷ പ്രചരിച്ചിരുന്നത് ഭാരതത്തിൻെറ വടക്കുപടിഞ്ഞാറേ അതിർത്തിയോടു തൊട്ടുകിടക്കുന്ന പ്രദേശത്താണല്ലോ. 'പഷ്തോ' മുതലായ ഡാർഡിക്ഭാഷകളോടു ബന്ധപ്പെട്ടതാണ് പൈശാചി എന്നും കാശ്മീരിക്ക് അതിനോടു ബന്ധമുണ്ടെന്നും അനുസ്മരിക്കാം. ചില ഭാഷാശാസ്ത്രജ്ഞ ന്മാരുടെ അഭിപ്രായത്തിൽ പൈശാചീഭാഷ സംസ്കൃതഭാഷയുടെ ഒരു പൂർവ്വരൂപം ആയിരുന്നു (G.A. Grierson Linguistic Survey of India—Vol. III, Part II).

എന്നാൽ, കഥാസരിത്സാഗരത്തെ പ്രമാണമാക്കിയാൽ ഗുണാഢ്യൻ പൈശാചീഭാഷ പഠിച്ചത് വിന്ധ്യപർവ്വതത്തിലെ പുളിന്ദന്മാരുടെ സംഭാഷണം കേട്ടിട്ടായിരുന്നു എന്നു കാണാം. നോക്കുക:

'തതോƒഹം കൃതമൗനത്വാദ് വ്യവഹാരബഹിഷ്കൃതഃ
അനിച്ഛന്തം തമാമന്ത്ര്യ പ്രണാമേനൈവ ഭൂപതിം,
നിർഗ്ഗത്യ നഗരാത് തസ്മാത് ശിഷ്യദ്വയസമന്വിതഃ
തപസേ നിശ്ചിതോദ്രഷ്ടും ആഗതോ വിന്ധ്യവാസിനീം,
സ്വപ്നാദേശേന ദേവ്യാ ച തയൈവ പ്രേഷിതസ്തതഃ
വിന്ധ്യാടവീം പ്രവിഷ്ടോƒഹം താം ദ്രഷ്ടും ഭീഷണാമിമാം.
പുളിന്ദവാക്യാദാസാദ്യ സാർത്ഥം ദൈവാത് കഥംചന
ഇഹ പ്രാപ്തോƒഹമദ്രാക്ഷം പിശാചാൻ സുബഹൂനമൂൻ,
അന്യോന്യാലാപമേതേഷാം ദൂരാദാകർണ്ണ്യ ശിക്ഷിതാ
മയാ പിശാചഭാഷേയം മൗനമോക്ഷസ്യ കാരണം,
ഉപഗമ്യ തതശ്ചൈതാം ത്വാം ശ്രുത്വോജ്ജയിനീഗതം
പ്രതിപാലിതവാനസ്മി യാവദഭ്യാഗതോ ഭവാൻ.
ദൃഷ്ട്വാ ത്വാം സ്വാഗതം കൃത്വാ ചതുർത്ഥ്യാ ഭൂതഭാഷയാ
മയാ ജാതിഃ സ്മൃതേത്യേഷ വൃത്താന്തോ മേƒത്ര ജന്മനി.'

(1-ാം ലംബകം, തരംഗം 7; ശ്ലോ. 23-29)

വിന്ധ്യപർവ്വതം മദ്ധ്യഭാരതത്തിൻെറ തെക്കേ അതിർത്തിയിലായതുകൊണ്ട് അന്ന് പൈശാചീഭാഷ പ്രചരിച്ചിരുന്ന സ്ഥലത്തെപ്പററി സംശയമുണ്ടാകാം. തെക്ക് വിന്ധ്യപർവ്വതത്തിൽ വന്ന് പൈശാചീഭാഷ പഠിച്ചിട്ട് ഗുണാഢ്യൻ തിരിച്ചുപോയതായി കരുതാമോ? അങ്ങനെയാണെങ്കിൽ പുളിന്ദന്മാരെയും പിശാചന്മാരായി കരുതിയിരുന്നോ? പച്ചമാംസഭക്ഷകന്മാരാണല്ലോ പിശാചന്മാർ? ഗുണാഢ്യനും സാതവാഹനനുമായുള്ള ബന്ധവും പൈശാചീഭാഷയ്ക്ക് കാശ്മീരിയുമായുള്ള അടുപ്പവും പൈശാചീഭാഷ ഇന്ന് ഉപയോഗിച്ചുപോരുന്ന സ്ഥലവും ആകക്കൂടി ആലോചിച്ചാൽ സോമദേവൻെറ വിന്ധ്യപർവ്വതപരാമർശനത്തിന് വ്യാഖ്യാനം കണ്ടെത്താൻ പ്രയാസമാണ്.

## 12. ക്ഷേമേന്ദ്രനും സോമദേവനും അനന്തരാജാവിൻെറ സമകാലികർ

സോമദേവൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ, അതിബൃഹത്തായ ഒരു ഗ്രന്ഥമായിരുന്നിരിക്കണം ഗുണാഢ്യൻെറ കൃതി. അതിൻെറ മൂലരൂപം നഷ്ടപ്പെട്ടുപോയെങ്കിലും അതിനെ ആധാരമാക്കി കാശ്മീരദേശത്തുണ്ടായ കഥാസമാഹാരങ്ങളാണല്ലോ ക്ഷേമേന്ദ്രൻെറ ബൃഹത്കഥാമഞ്ജരിയും, പ്രകൃതചിന്താവിഷയമായ കഥാസരിത്സാഗരവും. ഈ രണ്ടു കൃതികളും കാശ്മീരം ഭരിച്ചിരുന്ന അനന്തരാജാവിൻെറ കാലത്തോ, അദ്ദേഹത്തിൻെറ പുത്രനും അനന്തരഗാമിയുമായിരുന്ന കലശദേവൻെറ കാലത്തോ ഉണ്ടായതാണ്. അനന്തരാജൻെറ കാലം ക്രി. വ. 1027-1080 എന്നും കലശദേവൻെറ കാലം ക്രി. വി. 1063-1089 എന്നും ചരിത്രഗ്രന്ഥങ്ങളിൽ കാണുന്നതിൽ അല്പം പിശകുള്ളതായി തോന്നുന്നു. അനന്തരാജൻ 1080 വരെ ജീവിച്ചിരുന്നെങ്കിൽ, കലശദേവൻെറ ഭരണം 1080-നു ശേഷമായിരിക്കാനല്ലേ നിവൃത്തിയുള്ളു (Early History of Kashmir—Sunil Chandra Ray-p. 204).

## 13. കഥാസരിത്സാഗരനിർമ്മിതി

സമകാലികനായിരുന്ന ക്ഷേമേന്ദ്രൻ ബൃഹത്കഥയെ ആസ്പദമാക്കി 'ബൃഹത്കഥാമഞ്ജരി' എന്ന കൃതി രചിച്ചതു കണ്ടതിനു ശേഷമായിരുന്നു സോമദേവൻ കഥാസരിത്സാഗരം നിർമ്മിച്ചത്. ബൃഹത്കഥാമഞ്ജരി അതിസംക്ഷിപ്തമായിപ്പോകയാൽ കുറേക്കൂടി വിപുലമായും ആസ്വാദ്യതരമായും ആ കഥകളെ ആഖ്യാനം ചെയ്യണമെന്ന് അനന്തരാജൻെറ മഹിഷി സൂര്യവതി എന്ന രാജ്ഞി ആഗ്രഹം പ്രകടിപ്പിച്ചു. അത് അനുസരിച്ചായിരുന്നു സോമദേവൻ ഈ കൃതി വിരചിച്ചത്. ഈ വസ്തുത സോമദേവൻതന്നെ ഗ്രന്ഥാവസാനത്തിൽ 'ഗ്രന്ഥകാരപ്രശസ്തി'യിൽ പ്രസ്താവിച്ചിട്ടുണ്ട്:

> നാനാകഥാമൃതമയസ്യ ബൃഹത്കഥായാഃ  
> സാരസ്യസജ്ജനമനോംബുധിപൂർണ്ണചന്ദ്രഃ  
> സോമേന വിപ്രവരഭൂരിഗുണാഭിരാമ-  
> രാമാത്മജേന വിഹിതഃ ഖലു സംഗ്രഹോ*f*യം.

## 14. ഇതിൻെറ ഉള്ളടക്കത്തെപ്പററി

ഇത് ബൃഹത്കഥയുടെ ഒരു സംഗ്രഹം മാത്രമാണ് (ഖലു സംഗ്രഹോ*f*യം) എന്നേ സോമദേവൻ അവകാശപ്പെടുന്നുള്ളു. എങ്കിലും സാഹിത്യഗുണസമൃദ്ധികൊണ്ട് അത്യുത്തമമായ ഒരു കലാസൃഷ്ടിയാണ് ഇത്. ഇതിൽ മുന്നൂററമ്പതോളം ഉപകഥകളുണ്ട്. മുഖ്യതന്തു ഉദയനൻെറയും അദ്ദേഹത്തിൻെറ പുത്രൻ നരവാഹനദത്തൻെറയും ചരിതങ്ങളാണ്. നരവാഹനദത്തൻ മദനമഞ്ജരിയെ പാണിഗ്രഹണം ചെയ്ത്, വിദ്യാധരരാജാവായി അഭിഷേകം സാധിക്കുന്നതോടുകൂടി കഥ പര്യവസാനിക്കുന്നു.



പ്രധാന കഥാതന്തുവിൽ കോർത്തിട്ടുള്ള ഉപകഥകളെല്ലാം പലതരത്തിൽ ഹൃദയാകർഷങ്ങളായ കലാസൃഷ്ടികളാണ്. ഇവ പില്ക്കാലത്തെ കവികൾക്കും സാഹിത്യകാരന്മാർക്കും ആവശ്യംപോലെ വിഷയങ്ങൾ പ്രദാനംചെയ്തു. ഇതിലെ അതിപ്രധാനമായ ചില കഥകളെപ്പററി സൂചനചെയ്താൽ മേൽപ്പറഞ്ഞ പ്രസ്താവനയ്ക്ക് ഉപോദ്ബലകമായിരിക്കും. വരരുചികഥ, കാണഭൂതിചരിതം, ഉജ്ജയിനീശ്മശാനവൃത്തം, പാടലീപുത്രനഗരസ്ഥാപനം, പാണിനികഥ, നന്ദരാജകഥ, ചാണക്യകഥ, ഗുണാഢ്യകഥ, സാതവാഹനചരിത്രം, വത്സരാജചരിത്രം, വാസവദത്താഹരണം, പത്മാവതീപരിണയം, വിക്രമോർവ്വശീയം, ജീമൂതവാഹന കഥ, നരവാഹനചരിതം, ഉഷാപരിണയം, യൗഗന്ധരായണകഥ, മദനമഞ്ജുകാ ചരിതം, നാഗാർജ്ജുനകഥ, കർപ്പൂരികാവൃത്തം, സൂര്യപ്രഭാകഥ, നളോപാഖ്യാനം, പിംഗളസിംഹകഥ, വാനരൻെറ കീലോത്പാടനം, ഹംസകൂർമ്മകഥ, ഗരുഡനാഗകഥ, വേതാളപഞ്ചവിംശതികഥ (വിക്രമാദിത്യകഥ), കാശ്മീരരാജകഥ, മദനമഞ്ജുകാഹരണം, സാവിത്രീകഥ, രാമായണവൃത്തം, വത്സരാജവൃത്തം, സിംഹളപുത്രിയുമായി വിക്രമാദിത്യൻെറ വിവാഹം, ഭില്ലരാജകന്യകയുമായി വിക്രമാദിത്യൻെറ വിവാഹം മുതലായവ ഈ ഗ്രന്ഥത്തിൻെറ മാതൃക കാണിക്കാൻ ഉതകുന്ന ചില കഥകളാണ്. ഇവയിൽ പലതും മററു കൃതികളിൽനിന്നും നമുക്കു പരിചിതവുമാണ്. ഇവയിൽ പലതും പിശാചവർഗ്ഗക്കാരുടെയിടയിൽ പ്രചരിച്ചിരുന്നതായി വേണ്ടേ കണക്കാക്കാൻ? കാശ്മീരത്തും ഇന്ത്യയുടെ മററു ഭാഗങ്ങളിലും പ്രചരിച്ചിരുന്നതായിരിക്കാം എല്ലാംതന്നെ.

## 15. സ്വതന്ത്ര പ്രതിപാദനം

ഗുണാഢ്യനെ വിശ്വാസ്യതയോടെ പിന്തുടർന്നിരിക്കുകയാണ് സോമദേവൻ എന്നു പ്രസ്താവിച്ചിട്ടുണ്ട്.

> യഥാമൂലം തഥൈവൈ തത്-ന മനാഗപ്യതിക്രമഃ  
> ഗ്രന്ഥവിസ്തരസംക്ഷേപ-മാത്രം ഭാഷാ ച ഭിദ്യതേ. (തര. 1. ശ്ലോ. 10)

ഭാഷ മാറുകയും ചെയ്യുന്നു. ഭാഷാ ച ഭിദ്യതേ എന്ന പ്രസ്താവത്തിൽനിന്നു തെളിയുന്നത് സോമദേവൻ പൈശാചീഗ്രന്ഥം കണ്ടിരുന്നു എന്നാണല്ലോ. അതു നില്ക്കട്ടെ. കഥാസരിത്സാഗരത്തിലെ പ്രതിപാദനം ഏതായാലും സോമദേവൻെറ തന്നെയാണെന്ന് അനുമാനിക്കാം. അതിനാൽ കഥാസരിത്സാഗരത്തിൽ കാണുന്ന ജീവിതപ്രതിബിംബങ്ങൾ ഗുണാഢ്യൻെറ കാലത്തിലെ പകർപ്പു മാത്രമല്ല; 11-ാം ശതകത്തിലെ ഭാരതത്തിലെ ജീവിതത്തിൻെറയും സംസ്കാരത്തിൻെറയും ഒരു ചിത്രംകൂടി സോമദേവൻ ആവിഷ്കരിച്ചിട്ടുണ്ട്. അതിനാൽ കഥാകുതുകികൾക്കു മാത്രമല്ല, ഭാരതസംസ്കാരചരിത്രം പഠിക്കാനാഗ്രഹിക്കുന്നവർക്കും ഈ കൃതി അമൂല്യരത്നാകരമാണ്.

കഥാസരിത്സാഗരത്തിൽ കവിയുടെ കല്പനകൾതന്നെയാണു പരമാധികാരം വഹിക്കുന്നത്. ഭാരതത്തിലെ നാടോടിക്കഥകൾ മാത്രമാണ് പ്രതിപാദിച്ചിരിക്കുന്നതെങ്കിലും സോമദേവൻ അവയെ ഉപയോഗിച്ച് തൻെറ ജീവിതനിരീക്ഷണം സാധിച്ചിരിക്കുന്നു. അത്ഭുതരസപൂർണ്ണമാണ് ഇതിൻെറ പ്രതിപാദനമെങ്കിലും ഔചിത്യദീക്ഷകൊണ്ട് ഹൃദ്യവുമാണ്. ഈ കൃതിയെ പഞ്ചതന്ത്രം ഹിതോപദേശം മുതലായവയോടും പുരാണകഥകളോടും താരതമ്യപ്പെടുത്തുന്നത് നമ്മുടെ സാഹിത്യവികാസചരിത്രം സംബന്ധിച്ച വിലപ്പെട്ട ഒരു പഠനം ആയിരിക്കും. കഥാഖ്യാനത്തിന് തൻെറ കാലത്തോളം വന്നിരുന്ന വളർച്ചയുടെ പരമോന്നതമാതൃകയാണ് സോമദേവൻെറ ഈ കൃതി പ്രത്യക്ഷപ്പെടുത്തുന്നത്. മദ്ധ്യകാലഭാരതീയ സാഹിത്യത്തിൻെറ അതിമഹത്തായ ഒരു നേട്ടമാണ് ഈ കഥാസമാഹാരം.

## 16. ഇതിന്റെ മലയാളപരിഭാഷകൾ

മലയാളത്തിൽ ഈ കൃതിയുടെ പ്രേരണ വളരെ മുമ്പുതന്നെ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. നാഗാനന്ദം കിളിപ്പാട്ട്, മുദ്രാരാക്ഷസം, ചാണക്യസൂത്രം, വേതാളചരിത്രം എന്നിവ നേരിട്ടല്ലെങ്കിലും ഈ കഥാസാഗരത്തോടു ബന്ധപ്പെട്ടവയാണ്. 'വിക്രമാദിത്യ കഥകൾ' വിസ്മരിക്കാനും സാദ്ധ്യമല്ലല്ലോ.

മലയാളത്തിൽ ഈ കൃതിയുടെ പരിഭാഷകൾതന്നെ ഒന്നിൽക്കൂടുതൽ വന്നിട്ടുണ്ട്. ഇമ്പിച്ചൻ ഗുരുക്കളുടെയും, വള്ളത്തോൾ ഗോപാലമേനോന്റെയും കഥാസരിത്സാഗരം വിവർത്തനത്തെപ്പററി മഹാകവി ഉള്ളൂർ സൂചിപ്പിക്കുന്നു (കേ. സാ. ച IV-279; കേ. സ. ച. V). ഈയിടെ ഉണ്ടായ പരിഭാഷകളാണ് കുററിപ്പുറത്ത് കിട്ടുണ്ണിനായരുടെ വിവർത്തനവും വിദ്വാൻ വി. എൻ. കെ. പണിക്കരുടെ തർജ്ജമയും. എന്റെ സുഹൃത്ത് പ്രൊഫ. പി. സി. ദേവസ്യയും ഈ കൃതിയുടെ ഒരു പരിഭാഷ ഈയിടെ പ്രസിദ്ധപ്പെടുത്തി.

## 17. ഈ വിവർത്തനം

ഈ വിശിഷ്ടകൃതിയുടെ വിശ്വാസ്യമായൊരു വിവർത്തനമാണ് സാഹിത്യരസവേദിയും പണ്ഡിതനുമായ ശ്രീ ജി. കുമാരൻനായർ നിർവ്വഹിച്ചിരിക്കുന്നത്. സോമദേവന്റെ സംസ്കൃതശൈലി അതിലളിതവും അത്യന്തമോഹനവുമാണ്. മൂലഗ്രന്ഥകാരന്റെ ആശയങ്ങളെ ശരിയായി പകർത്തുന്നതോടൊപ്പം കാവ്യഭംഗി കഴിയുന്നതും സൂക്ഷിക്കാനും സംരക്ഷിക്കാനും ശ്രീ നായർ ശ്രദ്ധിച്ചിരിക്കുന്നു. ഈ യത്നത്തിൽ അദ്ദേഹത്തിനു പ്രശംസനീയമായ വിജയം സിദ്ധിച്ചിട്ടുമുണ്ട്.

ശ്രീ നായരുടെ ഗദ്യം സരസമാണ്. സോമദേവന്റെ കഥകളുടെ സാരസ്യവും കുമാരൻനായരുടെ ഭാഷയുടെ സൗകുമാര്യവും സമ്മേളിച്ചിരിക്കുന്ന ഈ വിവർത്തനം മനോഹരമായ ഒരു ഉപഹാരമാണ്.

ഒരു മഹാസമുദ്രം നീന്തിക്കടന്ന് കരയ്ക്കു കയറി ആശ്വാസാഭിമാനങ്ങളോടെ വർത്തിക്കുന്ന ഈ പണ്ഡിതവൃദ്ധസാഹിത്യകാരന് എന്റെ ആദരാഭിനന്ദനങ്ങൾ ആവർത്തിച്ചു രേഖപ്പെടുത്തട്ടെ.

## 18. പ്രകാശനം

അദ്ദേഹത്തിന്റെ ഈ കൃതി പ്രകാശിപ്പിക്കുന്ന ശ്രീ ഡി. സി. കിഴക്കെമുറി ഗ്രന്ഥപ്രകാശനവിഷയത്തിൽ ഭാഷയ്ക്കു ചെയ്തിട്ടുള്ള മഹാസേവനങ്ങൾ സർവ്വാദരണീയമാണ്. എന്നും കേരളീയർ കൃതജ്ഞതയോടെ അവയെ സ്മരിക്കും.

ബൃഹത്തായ ഈ കൃതി പ്രകാശിപ്പിക്കാൻ കഴിവുള്ള പ്രസിദ്ധീകരണശാലക്കാരെ അന്വേഷിച്ചുകൊണ്ട് ഗ്രന്ഥകാരൻ കഴിഞ്ഞിരുന്ന അവസരത്തിലാണ് ശ്രീ കിഴക്കെമുറി ഈ ഭാരമേറിയ ചുമതല സന്തോഷപുരസ്സരം ഏറെറടുത്തത്. അദ്ദേഹത്തോട് ശ്രീ കുമാരൻനായരും കേരളീയസഹൃദയലോകവും എന്നേക്കും കടപ്പെട്ടിരിക്കും. ഈ പ്രസിദ്ധീകരണം കേരളീയരുടെ സകലവിധമായ പ്രോത്സാഹനവും അർഹിക്കുന്നു.

ശ്രീ കുമാരൻനായർക്കും അദ്ദേഹത്തിന്റെ ഈ വിശിഷ്ട കൃതിക്കും സകല വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
5-10-1978

**ശൂരനാട്ടു കുഞ്ഞൻപിള്ള**

## ഉള്ളടക്കം

1. കഥാപീഠലംബകം 25
പാർവതീചരിതം 30 പുഷ്പദത്തന്റെ മനുഷ്യജന്മം 33
മാല്യവാന്റെ ശാപകഥ 33 വരരുചിയുടെ ആത്മകഥ 35
വ്യാഡിയും ഇന്ദ്രദത്തനും 35 വർഷോപവർഷന്മാർ 36
പാടലീപുത്രത്തിന്റെ ഉത്ഭവം 38 ഉപകോശ 43
യോഗനന്ദൻ 48 ആദിത്യവർമ്മന്റെ കഥ 54
ചാണക്യൻ 57 ഗുണാഢ്യന്റെ ആത്മകഥ 59
മൂഷികവ്യാപാരി 61 ഒരു വിഡ്ഢിബ്രാഹ്മണൻ 62
സാതവാഹനരാജാവ് 64
പുഷ്പദന്തമാല്യവാന്മാരുടെ നാമോത്ഭവം 71
കഥാനിർമ്മാണവൃത്താന്തം 76

2. കഥാമുഖലംബകം 79
സഹസ്രാനീകൻ 81 ശ്രീദത്തൻ എന്ന ബ്രാഹ്മണൻ 86
ഉദയനൻ എന്ന വത്സരാജാവ് 97 ചണ്ഡമഹാസേനൻ 98
ലോഹജംഘന്റെ കഥ 105 ദേവസ്മിത 114
ശക്തിമതിയുടെ കഥ 121 ബാലവിനഷ്ടകൻ 124
രുരു എന്ന മുനിപുത്രൻ 127

3. ലാവാണകലംബകം 129
ഭിക്ഷുവും കരടിക്കുരങ്ങും 133 ദേവസേനന്റെ കഥ 135
യദല്ലകൻ എന്ന വർത്തകപുത്രൻ 137 പുണ്യസേനരാജാവ് 138
സുന്ദോപസുന്ദന്മാർ 140 ദുർവാസാവും കുന്തിയും 143
ഉർവശിയും പുരൂരവസ്സും 148
വിഹിതസേനനും തേജോവതിയും 150
സോമപ്രഭയുടെ കഥ 152 ഇന്ദ്രനും അഹല്യയും 156
വിദൂഷകന്റെ കഥ 162 ദേവദാസചരിതം 181
സോമദത്തൻ അഥവാ ഫലഭൂതി 188 ഗണപതിപ്രഭാവം 191
കാളരാത്രിയുടെ കഥ 195

4. നരവാഹനദത്തജനനലംബകം 203
ദേവദത്തകഥ 208 ജീമൂതവാഹനൻ 215 കലഹകാരിണി 230

5. ചതുർദാരികാലംബകം 233
ശക്തിദേവകഥ 236 ശിവമാധവന്മാർ 239 ഹരസ്വാമി 246
അശോകദത്തനും കപാലസ്ഫോടനും 251 ജാലപാദചരിതം 272

6. മദനമഞ്ചുകാലംബകം 279
കലിംഗദത്തന്റെ കഥ 281 ധർമ്മദത്തചരിതം 285
സപ്തബ്രാഹ്മണകുമാരന്മാർ 287 വിക്രമസിംഹരാജാവ് 289
രണ്ടു ബ്രാഹ്മണയുവാക്കന്മാർ 290
ഒരു മുനിയുടെയും രാജാവിന്റെയും കഥ 295
സുലോചനാവൃത്താന്തം 296 രാജപുത്രനും വണിക്പുത്രനും 300

പിശാചും ബ്രാഹ്മണകുമാരിയും 303 കീർത്തിസേന 309
തേജസ്വതിയും രാജപുത്രനും 320 ഹരിശർമ്മ 322
ഉഷാനിരുദ്ധകഥ 327
വിഷ്ണുദത്തനും സപ്തബ്രാഹ്മണപുത്രന്മാരും 334
കദളീഗർഭ 337 ക്ഷുരകൻെറ കൗശലം 340
ശ്രുതസേനനും വിദ്യുദ്യോതയും 344
നകുലമൂഷികാദികളുടെ കഥ 349
പ്രസേനജിത്തിൻെറ ബുദ്ധി 351 വിരൂപാക്ഷനെന്ന യക്ഷൻ 360
ശത്രുഘ്നനും ദുഷ്ടഭാര്യയും 366

**7. രത്നപ്രഭാലംബകം** 371

രത്നപ്രഭ 374 സത്വശീലൻ 374 വിക്രമതുംഗൻ 376
രത്നാധിപതി എന്ന രാജാവ് 382
നിശ്ചയദത്തനും അനുരാഗപരയും 389
സോമസ്വാമി 394 സോമദയുടെ കഥ 397
വിക്രമാദിത്യനും മദനമാലയും 402 പ്രപഞ്ചബുദ്ധി എന്ന ഭിക്ഷു 405
ശൃംഗഭുജനും രൂപശിഖയും 411 വിരൂപശർമ്മ 425
വിനയശീലനും തരുണചന്ദ്രനും 426 നാഗാർജ്ജുനൻ 431
ഇന്ദീവരസേനനും അനിച്ഛാസേനനും 437
രാജ്യധരൻ എന്ന തച്ചൻ 446 മാനപരയും സുഖധനനും 449

**8. സൂര്യപ്രഭലംബകം** 461

സൂര്യപ്രഭകഥ 464 കാളൻ എന്ന ബ്രാഹ്മണൻ 477
നമുചി എന്ന അസുരൻ 505 ഗുണശർമ്മകഥ 519

**9. അലങ്കാരവതീലംബകം** 545

അലങ്കാരവതി 548 രാമകഥ 550 പൃത്ഥ്വീരൂപനും രൂപലതയും 554
ഹംസശർമ്മകഥ 561 അനംഗരതി 564 ലക്ഷദത്തരാജചരിതം 581
വീരവരൻെറ കഥ 585 സമുദ്രശൂരൻ 596
ചമരവാലൻ 599 അർത്ഥവർമ്മയും ഭോഗവർമ്മയും 599
ചിരദാതാവ് 605 കനകവർഷനും മദനസുന്ദരിയും 606
മഹീപാലൻ എന്ന ബ്രാഹ്മണകുമാരൻ 617
ചക്രചരിതം 625 പതിവ്രതയും ധർമ്മവ്യാധനും 627
ഒരു ശിവയോഗിയുടെ കഥ 629 നളോപാഖ്യാനം 631

**10. ശക്തിയശോലംബകം** 643

ഭദ്രഘടം 647 ആളജാലകഥ 648 വിക്രമസിംഹനും കുമുദികയും 656
ബലവർമ്മനും ഭാര്യയും 659 ദുശ്ശീല 660 വജ്രസാരൻ 661
സിംഹബലനും ഭാര്യയും 662 രണ്ടു വിദ്യാധരികൾ 666
ശൂരവർമ്മകഥ 675 ഭേരീഗോമായുകഥ 678 ബകവും മത്സ്യങ്ങളും 678
സിംഹശശകന്മാരുടെ കഥ 680 യൂകമക്കുണകഥ 682
സിംഹവും ഒട്ടകവും 684 മൂന്നു മത്സ്യങ്ങളുടെ കഥ 686
ധർമ്മബുദ്ധിയും ദുഷ്ടബുദ്ധിയും 688 ബകവും സർപ്പവും 690
വിഡ്ഢികളുടെ കഥകൾ 691 ചില ബുദ്ധിജീവികൾ 695
ലുബ്ധനായ ജംബുകൻ 697 ഈർഷ്യാപുരുഷകഥ 699
മൂഢപുരുഷകഥകൾ 702 മിത്രദ്വയകഥ 704





വിഡ്ഢിക്കഥകൾ വീണ്ടും 706 കാകങ്ങളും ഉലൂകങ്ങളും 712
ശിലീമുഖനെന്ന മുയൽ 714 കപടമാർജ്ജാരൻ 715
ബ്രാഹ്മണനും ആടും 716 വർത്തകവൃദ്ധൻ 717
തസ്കരനും രാക്ഷസനും 718 മൂഢനായ തച്ചൻ 719
മുനിയും മൂഷികനും 720 സർപ്പവും മണ്ഡൂകവും 722
രണ്ടു സഹോദരന്മാർ 723 അസംതൃപ്തസന്യാസികൾ 724
മൂഢഭൃത്യൻ 725 മഹിഷഭക്ഷകൻെറ കഥ 726
യശോധരലക്ഷ്മീധരന്മാർ 728 വാനരനും ശിശുമാരനും 733
സിംഹവും കഴുതയും 735 രണ്ടു ദുഷ്ടശിഷ്യന്മാർ 736
ചില നീതികഥകൾ 738 ഘടകർപ്പരന്മാരുടെ കഥ 741
ഒരു ദുഷ്ടഭാര്യയുടെ കഥ 749 ശാപഗ്രസ്തരുടെ കഥകൾ 752
കുലടയുടെ കഥ 754 ചില മൂഢന്മാരുടെ കഥ 756
മൃഗാങ്കലേഖ 761 രണ്ടു ശാസ്ത്രവാദികൾ 763
ചില കുലടകൾ 765 ഏകാദശമാരിക 768
ഒററക്കാളക്കാരൻ 769 ഒരു വ്യാജമന്ത്രി 770 ഹേമപ്രഭ 772

**11. വേലാലംബകം** 777

ചന്ദ്രസാരനും വേലയും 781

**12. ശശാങ്കവതീലംബകം** 787

ലളിതലോചനചരിതം 789 മൃഗാങ്കദത്തകഥ 794
മന്ത്രഗുപ്തനെന്ന മന്ത്രി 796 പുഷ്ക്കരാക്ഷൻ 798
ശ്രുതധി എന്ന ബ്രാഹ്മണകുമാരൻ 805
വിമലബുദ്ധിയുടെ അനുഭവകഥ 809
കമലാകരനും ഹംസാവലിയും 815 വിനീതമതി 828
ബുദ്ധാംശഭൂതമായ വരാഹം 832 മൂഢനായ നഗരാദ്ധ്യക്ഷൻ 835
ദാനപാരമ്യം 836 ശീലപാരമ്യം 837 ക്ഷമാപാരമ്യം 838
ധൈര്യപാരമ്യം 839 ധ്യാനപാരമ്യം 840 പ്രജ്ഞാപാരമ്യം 842
അട്ടഹാസദത്തനും ശ്രീദർശനനും 848 ഭൂനന്ദനൻ 851
ഭീമഭടനും സമരഭടനും 870 അക്ഷക്ഷപണകൻ 877
വേതാളപഞ്ചവിംശതി 886 ക്ഷാന്തിശീലൻ 887
പത്മാവതി 889 മൂന്നു ബ്രാഹ്മണകുമാരന്മാർ 896
വീരവരൻ 904 സോമപ്രഭയുടെ വിവാഹം 911
ഒരു രജകസ്ത്രീ 913 സത്വശീലൻെറ കഥ 916
മൂന്നു സഹോദരന്മാർ 923 നാലു വിജ്ഞാനികൾ 926
മദനസേന 928 മൂന്നു രാജ്ഞിമാർ 932
യശഃകേതുവും മൃഗാങ്കവതിയും 934
ഹരിസ്വാമിയും ലാവണ്യവതിയും 944 രത്നവതി 947
മനഃസ്വാമിയും ശശിപ്രഭയും 950 ജീമൂതവാഹനൻ 957
യശോധനരാജാവും ഉന്മാദിനിയും 968 ചന്ദ്രസ്വാമി 972
ധനവതി എന്ന വർത്തകപുത്രി 977 ഒരു ബ്രഹ്മരാക്ഷസൻ 982
ഒരു കാമഭ്രാന്തിയുടെ കഥ 989 നാലു ബ്രാഹ്മണപുത്രന്മാർ 994
ദേവസോമൻ 997 ഒരു വിഷമപ്രശ്നകഥ 1000
സുന്ദരസേനൻ 1012 മൃഗാങ്കദത്ത കഥാവസാനം 1038

**13. മദിരാവതീലംബകം** 1053
മദിരാവതി 1056
**14. പഞ്ചലംബകം** 1069
മദനമഞ്ചുകയുടെ തിരോധാനം 1071 നാഗസ്വാമിയുടെ കഥ 1095
മരുഭൂതിയുടെ അനുഭവം 1095 ശത്രുസംഹാരം 1097
**15. മഹാഭിഷേകലംബകം** 1107
മഹാഭിഷേകം 1119
**16. സുരതമഞ്ജരീലംബകം** 1127
സുഷേണശൂരസേനന്മാർ 1130
രാജകന്യകയും ചണ്ഡാളകുമാരനും 1139
മായാവതിയും മുക്കുവയുവാവും 1141
ചോരനും വാണിജകന്യകയും 1143 താരാവലോകന്റെ കഥ 1148
**17. പത്മാവതീലംബകം** 1155
ദിവ്യഹംസദ്വയവും ബ്രഹ്മദത്തനും 1158
വിദ്യുദ്ധ്വജാസുരനും മുക്താഫലകേതുവും 1165
**18. വിഷമശീലലംബകം** 1211
വിക്രമാദിത്യകഥ 1213 രണ്ടു ദിവ്യകന്യകമാരും സ്വർണ്ണമൃഗവും 1217
മദനമഞ്ജരിയും കാപാലികനും 1220
ഡാകിനേയൻ എന്ന ചൂതാടി 1222
ഠിണ്ഠാകരാളന്റെ കഥ 1224 കുട്ടിനീകപടൻ 1230
മലയവതി 1236 കിരാതരാജന്റെ ആത്മകഥ 1244
ഗജവരാഹങ്ങൾ 1246 ധനദത്തന്റെ കഥ 1249
കേസടനും കന്ദർപ്പനും 1250 കുസുമായുധനും കമലലോചനയും 1255
ചന്ദ്രസ്വാമി 1261 അഭയാർത്ഥിയായ ഒരു രാജപുത്രൻ 1264
ഒരു ബ്രാഹ്മണപുത്രകഥ 1266 മൂലദേവന്റെ കഥ 1267

# 1

# കഥാപീഠലംബകം